പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-2026)

അറുപത്തിയൊന്നാമത് റിപ്പോർട്ട്

(2025 ഫെബ്രുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-2026)

അറുപത്തിയൊന്നാമത് റിപ്പോർട്ട്

(2025 ഫെബ്രുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

258/2025.

<u>ഉള്ളടക്കം</u>

		പേജ്
സമിതിയുടെ ഘടന	..	v
മുഖവുര	..	vii
റിപ്പോർട്ട്	..	1
അനുബന്ധം I		
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	..	81
അനുബന്ധം II		
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	..	98

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-2026)

ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026)യുടെ അറുപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 ഫെബ്രുവരി മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 ഫെബ്രുവരി 13.

റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച്

ഓഡിറ്റ് ഖണ്ഡിക

കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല- തദ്ദേശ സ്ഥാപനങ്ങൾക്ക് അധികബാധ്യത

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ പരിപാലനത്തെപ്പറ്റി വ്യക്തമായ മാർഗ്ഗരേഖ 31-5-2000-ലെ ജി.ഒ. (ആർ.റ്റി.) 2141/2000/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവിലൂടെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖകളിലും ഇത് സംബന്ധിച്ച് വിശദമായ വിവരങ്ങളുണ്ട്. കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃകമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ ആസൂത്രണം, നടത്തിപ്പ്, പരിപാലനം എന്നിവ നിർവഹിക്കണമെന്ന് മേൽ ഉത്തരവുകൾ വ്യക്തമാക്കുന്നു.

കുടിവെള്ള പദ്ധതികളുടെ നിർവഹണം പൂർത്തിയായാൽ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതും, തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികൾ ചെയ്യേണ്ടതുമാണ്. ഈ ആവശ്യത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനം തുക ചെലവഴിക്കുവാൻ പാടില്ലായെന്നും 18-8-2012-ലെ സ.ഉ.(എം.എസ്.) 225/12/തസ്വഭവ. നമ്പർ പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.

ഒരു ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള എല്ലാ കുടിവെള്ള പദ്ധതികൾക്കുമായി പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതും, വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽപ്പറഞ്ഞ സർക്കാർ നിർദ്ദേശങ്ങൾ എല്ലാം തന്നെ പാലിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറവാണ്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 34 കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും കരാർ പ്രകാരമല്ല. രജിസ്റ്റർ ചെയ്ത അംഗീകൃത നിയമാവലിയുടെ അടിസ്ഥാനത്തിൽ അല്ല കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. നിലവിൽ, 14 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നു. 4-2012 മുതൽ 1-2014 വരെ 2,54,309/- രൂപ ഈയിനത്തിൽ ഗ്രാമപഞ്ചായത്ത് അടച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.1.5.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതി ആരാഞ്ഞപ്പോൾ ജനറൽ വിഭാഗത്തിൽ ഒരു കുടിവെള്ള പദ്ധതിയുടെയും എസ്.സി. വിഭാഗത്തിൽ 13 കുടിവെള്ള പദ്ധതികളുടെയും വൈദ്യുതി ചാർജ്ജാണ് അടച്ചുകൊണ്ടിരുന്നതെന്നും അതിൽ ജനറൽ വിഭാഗത്തിലെ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് ഒടുക്കുന്നത് നിർത്തിവച്ചിരിക്കുകയാണെന്നും എസ്.സി. വിഭാഗത്തിലുള്ള 13 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് മാത്രമാണ് പഞ്ചായത്ത് ഒടുക്കുന്നതെന്നും പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

2. വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

3. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കുടിവെള്ള പദ്ധതികളുടെ ആസ്തിസംരക്ഷണം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തുകൾക്കു കീഴിലെ കുടിവെള്ള പദ്ധതികളുടെ പരിപാലനം സംബന്ധിച്ചുള്ള 31-5-2000-ലെ ജി.ഒ.(ആർ.റ്റി)2141/2000/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം പദ്ധതികളുടെ ഭൗതിക വിവരങ്ങൾ വിശദമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികളെ ആസ്തി രജിസ്റ്ററിലും രേഖപ്പെടുത്തണം. എന്നാൽ ഈ നിർദേശങ്ങൾ കൃത്യമായി പാലിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറവാണ്. കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്ററിൽ കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ കാലികമായി ഉൾപ്പെടുത്താത്തതിനാൽ പദ്ധതികളുടെ നിലവിലുള്ള വിവരം അറിയാനാവാത്ത അവസ്ഥയുമുണ്ട്. കുടിവെള്ള പദ്ധതികളുടെ സമ്പൂർണ്ണ വിവരങ്ങൾ സൂക്ഷിക്കുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നു. സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ നൽകിയ സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ യഥാസമയം തദ്ദേശസ്ഥാപനത്തിന്റെ പേരിൽ പോക്കുവരവ് നടത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ലാത്ത സംഭവങ്ങളുമുണ്ട്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതികളുടെ ഭൂമികൾ രജിസ്റ്റർ ചെയ്ത് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല. സ്വകാര്യ വ്യക്തികൾ നടപടിക്രമങ്ങൾ പാലിക്കാതെ ഭൂമി സറണ്ടർ ചെയ്യുകയാണുണ്ടായത്. കുടിവെള്ള പദ്ധതികളുടെ ഭാഗമായുള്ള കിണർ, പമ്പ്ഹൗസ്, ടാങ്ക് എന്നിവയുടെ ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തോ, നടപടിക്രമങ്ങൾ പാലിച്ച് സറണ്ടർ ചെയ്തോ കൈമാറാതെ പ്രവൃത്തി ആരംഭിക്കുന്നതിനാൽ ആസ്തികളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.1.5.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

4. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

5. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കുടിവെള്ള പദ്ധതികളുടെ ആസ്തി സംരക്ഷണം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പൊതുടാപ്പുകളുടെ എണ്ണം സംയുക്തപരിശോധനയിലൂടെ തിട്ടപ്പെടുത്തുന്നില്ല

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ കടുത്ത സാമ്പത്തിക ബാധ്യതയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളേക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷനുകൾ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ നിഷ്കർഷിച്ചിട്ടുണ്ട്. ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കേണ്ടതും, അതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കണമെന്നും മേൽ മാർഗ്ഗരേഖ പറയുന്നു. പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുക എന്നതാണ് ഇതിലൂടെ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാണ്. 30-5-2009-ലെ സ.ഉ. (സാധാരണ) 1275/2009/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിക്കുള്ളിലെ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതുണ്ട്.

കൂടാതെ പൊതുടാപ്പുകളിൽ മീറ്റർ ഘടിപ്പിക്കണമെന്നും ഉത്തരവ് നിർദ്ദേശിക്കുന്നു. 28-9-2011-ലെ ജി.ഒ.(ആർ.ടി.) 2242/2011/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവിൽ, തദ്ദേശഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിലെ പല തദ്ദേശഭരണ സ്ഥാപനങ്ങളും പൊതുടാപ്പുകളുടെ എണ്ണം നിയന്ത്രിക്കുന്നതിലും, സംയുക്ത പരിശോധന നടത്തുന്നതിലും തികഞ്ഞ ഉദാസീനതയാണ് പുലർത്തി വരുന്നത്. വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കാവുന്ന ലക്ഷക്കണക്കിന് രൂപയാണ് ഇതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നത്.

കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിൽ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടില്ല. വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന തുക വെള്ളക്കരമായി നഗരസഭ ഒടുക്കുന്നതാണ് ഇപ്പോഴത്തെ രീതി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.1.5.16)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

6. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

7. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വടകര നഗരസഭയിലെ പൊതുടാപ്പിന്റെ എണ്ണം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വാട്ടർ അതോറിറ്റി ക്രമരഹിതമായി തുക ഈടാക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള വിവിധ ഇടപാടുകളിൽ വാട്ടർ അതോറിറ്റി ക്രമരഹിതമായി തുക ഈടാക്കിയ പല സംഭവങ്ങളുമുണ്ട്. വാട്ടർ അതോറിറ്റി ഇത്തരത്തിൽ ഈടാക്കുന്ന തുകകൾ തിരികെ വാങ്ങാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയാറില്ല. അതുകൊണ്ട് തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾക്ക് വലിയ നഷ്ടം സംഭവിക്കുന്നുണ്ട്.

വെള്ളക്കരം കുടിശിക അടവാക്കിയിട്ടും ഗ്രാന്റുകളിൽ നിന്നും തുക കറവു ചെയ്യുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ തുകകൾ യഥാസമയം അടച്ചിട്ടും ഗ്രാന്റുകളിൽ നിന്നും തുക കുറവു ചെയ്യുന്ന രീതി തുടരുകയാണ്. തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തുകകൾ യാതൊരുവിധ മാനദണ്ഡങ്ങളോ, വസ്തുതാ പരിശോധനയോ ഇല്ലാതെയാണ് ഇത്തരത്തിൽ കുറവു ചെയ്തു വരുന്നത്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് 147 പൊതുടാപ്പുകൾക്ക് 5,14,500/- രൂപയാണ് പ്രതിവർഷം വെള്ളക്കരമായി അടയ്ക്കേണ്ടത്. 2009-10, 2010-11, 2011-12 വർഷങ്ങളിലായി 15,43,500/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് അടച്ചിട്ടുണ്ട്. എന്നാൽ ഇതേ വർഷങ്ങളിൽ തന്നെ യഥാക്രമം 4,30,608/-, 1,74,305/-, 4,33,396/- എന്നിങ്ങനെ ആകെ 10,38,309/- രൂപ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും വെള്ളക്കരം കുടിശികയായി കുറവു വരുത്തിയിട്ടുണ്ട്. ഇതിനു പുറമേ 04/2011-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം, 1,10,938/- രൂപ കുടിശിക കൂടി ഉള്ളതായും വാട്ടർ അതോറിറ്റി അറിയിച്ചിരിക്കുന്നു.

മാവൂർ ഗ്രാമപഞ്ചായത്ത് 12/2013 വരെ വെള്ളക്കരമിനത്തിൽ കുടിശിക ഉണ്ടായിരുന്ന 6,59,210/- രൂപ അടച്ചിട്ടുണ്ട്. എന്നാൽ 2012-13 ലെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 2,09,642/- രൂപ വെള്ളക്കരം കുടിശിക ഇനത്തിൽ കുറവു ചെയ്തു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.1.5.17)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

8. ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയം സംബന്ധിച്ച് ജല അതോറിറ്റി അധികൃതരുമായി ഫോൺ മുഖാന്തരം ബന്ധപ്പെടുകയും കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും കാലപ്പഴക്കമുള്ള രേഖകൾ കണ്ടെത്താൻ സാധിക്കാത്തതിനാലാണ് മറുപടി നൽകാത്തതെന്നാണ് ജല അതോറിറ്റിയിൽ നിന്നും അറിയിച്ചിട്ടുള്ളതെന്നും പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

9. പ്രസ്തുത വിഷയത്തിന്മേൽ ജല അതോറിറ്റിയുടെ നിലപാടിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ 1/2009, 11/2009 എന്നീ കാലഘട്ടങ്ങളിൽ 7,04,076/- രൂപ വാട്ടർ ചാർജ്ജിനത്തിൽ പഞ്ചായത്തിന് കുറവ് ചെയ്തതിനുപുറമേ 3-2-2015-ൽ 85,759/- രൂപ റീഫണ്ടായും നൽകിയിട്ടുണ്ടെന്ന് കേരള വാട്ടർ അതോറിറ്റി വടകര റവന്യൂ ഓഫീസർ അറിയിച്ചു.

10. വാട്ടർ അതോറിറ്റിക്ക് കത്ത് കൈമാറിയത് സംബന്ധിച്ച തുടർ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പഞ്ചായത്ത് ഗ്രാന്റിൽ നിന്നും വെള്ളക്കരത്തിനുള്ള തുക കുറവ് ചെയ്ത് കൊടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് കൃത്യമായി വെള്ളക്കരം ഒടുക്കിവരികയാണെന്നും വെള്ളക്കരം കൂടുതൽ അടച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് പഞ്ചായത്ത് രേഖകൾ പ്രകാരം അധികമായി അടച്ച തുക സംബന്ധിച്ച് വ്യക്തത വരുത്താനായി വാട്ടർ അതോറിറ്റിക്ക് കത്ത് അയച്ചെങ്കിലും നാളിതുവരെയും മറുപടി ലഭിച്ചിട്ടില്ലെന്നും പഞ്ചായത്ത് വാട്ടർ ചാർജ്ജിനത്തിൽ അധിക തുക അടച്ചിട്ടും വീണ്ടും തുക അടയ്ക്കുവാനായി ഡിമാന്റ് ചെയ്തത് സംബന്ധിച്ച് വാട്ടർ അതോറിറ്റി നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

11. വാട്ടർ അതോറിറ്റി പഞ്ചായത്തിന് അടയ്ക്കാനുള്ള കുടിശിക സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് നൽകുകയും പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ടി തുക കുറവ് ചെയ്യുകയുമാണ് ചെയ്യുന്നതെന്നും നിശ്ചിത സമയത്തിനുള്ളിൽ പഞ്ചായത്ത് കുടിശിക അടയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും രണ്ട് പ്രാവശ്യം കട്ട് ചെയ്ത സ്ഥിതിയാണ് നിലവിലുള്ളതെന്നും പേരാമ്പ്ര പഞ്ചായത്തിന് അടയ്ക്കാനുള്ള തുക സംബന്ധിച്ച കൃത്യമായ കണക്ക് വാട്ടർ അതോറിറ്റിയുടെ കൈവശമില്ലെന്നും എന്നാൽ മാവൂർ പഞ്ചായത്തിന് അടയ്ക്കേണ്ട തുക സംബന്ധിച്ച കണക്ക് നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കി.

12. കണക്ക് ലഭ്യമല്ലെന്ന് പറയുന്നത് ശരിയല്ലെന്നും പേരാമ്പ്ര പഞ്ചായത്ത് വെള്ളക്കരമിനത്തിൽ കൂടുതൽ തുക വാട്ടർ അതോറിറ്റിക്ക് അടച്ചിട്ടും വീണ്ടും തുക അടയ്ക്കണമെന്ന് ആവശ്യപ്പെട്ടത് സംബന്ധിച്ചാണ് പരാമർശമെന്നും പ്രസ്തുത വിഷയത്തിന്മേൽ വ്യക്തമായ മറുപടി വാട്ടർ അതോറിറ്റി നൽകേണ്ടതുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ, പഞ്ചായത്ത് അടയ്ക്കേണ്ട തുക സംബന്ധിച്ച കൃത്യമായ കണക്ക് വാട്ടർ അതോറിറ്റി നൽകുന്നില്ലെന്നും സർക്കാരിലേയ്ക്ക് കൊടുക്കുന്ന കണക്കനുസരിച്ച് ഉറവിടത്തിൽ നിന്നും തുക കുറവ് ചെയ്യുകയാണ് ചെയ്യുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

13. പ്രസ്തുത തുകകൾ അതത് കാലങ്ങളിൽ ക്രമീകരിച്ചു കൊടുത്തിട്ടുണ്ടെന്ന് വടകര വാട്ടർ അതോറിറ്റി റവന്യൂ ഓഫീസർ ബോധിപ്പിച്ചപ്പോൾ പഞ്ചായത്ത് അടയ്ക്കേണ്ട തുക സംബന്ധിച്ച രേഖകൾ വാട്ടർ അതോറിറ്റി നൽകണമെന്നും പഞ്ചായത്ത് അധികമായി തുക അടച്ചിട്ടും വീണ്ടും ആവശ്യപ്പെട്ടത് സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും സമിതി വ്യക്തമാക്കി. 7,04,706/- രൂപ വാട്ടർ ചാർജ്ജിനത്തിൽ ക്രമീകരിച്ചു കൊടുത്തിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നും കൃത്യമായി തുക അടയ്ക്കുന്നില്ലെന്ന് റവന്യൂ ഓഫീസർ മറുപടി നൽകി.

14. ടി വിഷയത്തിന്മേൽ പഞ്ചായത്ത് സെക്രട്ടറിയും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി സൂപ്രണ്ടിംഗ് എൻജിനീയർ തലത്തിൽ മീറ്റിംഗ് നടത്തിയതിനു ശേഷം അന്തിമ തീരുമാനമെടുക്കാമെന്ന് കേരള വാട്ടർ അതോറിറ്റി, കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി. എ. സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസർ സമിതിയെ അറിയിച്ചു.

15. ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുകയും റിപ്പോർട്ട് നൽകാമെന്ന് കേരള വാട്ടർ അതോറിറ്റി, പി.എ. സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസ് കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മറുപടി നൽകുകയും ചെയ്തു.

16. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച വെള്ളക്കരത്തിനുള്ള ബിൽ പരിശോധിച്ചതിൽ പഞ്ചായത്തിന് അടയ്ക്കാനുള്ള തുക മാത്രമാണ് കുറവ് ചെയ്തിട്ടുള്ളതെന്നും നിലവിൽ കുടിശ്ശികയൊന്നുമില്ലെന്നും മാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

17. പൊതുടാപ്പുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ലെന്ന പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ജോയിന്റ് വെരിഫിക്കേഷൻ നടത്തി 32 ടാപ്പുകൾക്കാണ് തുക അടയ്ക്കുന്നതെന്നും നിലവിൽ കുടിശിക യൊന്നുമില്ലെന്നും മാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

18. സംസ്ഥാന ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്ന് ഡയറക്ടർ വ്യക്തമാക്കി.

19. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

20. വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത് അടച്ച കുടിശിക സംബന്ധിച്ച കണക്ക് ലഭ്യമല്ലെന്ന് പറയുന്നത് നിരുത്തരവാദമായ മറുപടിയാണെന്ന് സമിതി വിലയിരുത്തുന്നു. പേരാമ്പ്ര പഞ്ചായത്ത് വെള്ളക്കരമിനത്തിൽ കൂടുതൽ തുക വാട്ടർ അതോറിറ്റിക്ക് അടച്ചിട്ടും വീണ്ടും തുക അടയ്ക്കണമെന്ന് ആവശ്യപ്പെട്ടത് സംബന്ധിച്ച പരാമർശത്തിന്മേൽ വ്യക്തമായ മറുപടി വാട്ടർ അതോറിറ്റി നൽകണമെന്ന് സമിതി നിർദേശിക്കുന്നു. വെള്ളക്കരം കുടിശിക സംബന്ധിച്ച വിഷയത്തിന്മേൽ പഞ്ചായത്ത് സെക്രട്ടറിയും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിൽ മീറ്റിംഗ് നടത്തി അന്തിമ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

21. മാവൂർ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണവുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കുഴൽക്കിണർ നിർമ്മാണത്തിൽ ഫലപ്രദമായ നിയന്ത്രണ സംവിധാനമില്ല

കേരളത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കുഴൽക്കിണറുകളുടെ എണ്ണത്തെപ്പറ്റി ആധികാരികമായ വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. ഓരോ വർഷം കഴിയുന്തോറും കുഴൽക്കിണറുകളുടെ എണ്ണം വൻതോതിൽ കൂടി വരികയാണ്. ഭൂഗർഭ ജലനിയന്ത്രണ നിയമം 2002-ൽ നിലവിൽ വന്നുവെങ്കിലും ഇത് ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ നിയമപ്രകാരം കേരളത്തിലെ അഞ്ച് വികസന ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മിക്കുവാൻ സർക്കാരിന്റെ അനുമതി വേണം. ഭൂഗർഭ ജലചൂഷണം പരിധി കടന്നതായി കേന്ദ്ര ഭൂജല ബോർഡ് വ്യക്തമാക്കിയിട്ടുള്ള വികസന ബ്ലോക്കുകൾ കാസർഗോഡ്, കോഴിക്കോട്, കൊടുങ്ങല്ലൂർ, ചിറ്റൂർ, അതിയന്നൂർ എന്നിവയാണ്. ഭൂജലനിരപ്പിന്റെ പരിധി പ്രതിസന്ധിയിൽ ആണെന്ന് കേന്ദ്ര ഭൂജലബോർഡ് കണക്കാക്കിയിട്ടുള്ള 15 വികസന ബ്ലോക്കുകളിലും, അർദ്ധപ്രതിസന്ധിയിലുള്ള 30 വികസന ബ്ലോക്കുകളിലും കുഴൽക്കിണർ നിർമ്മാണത്തിന് യാതൊരു നിയന്ത്രണവുമില്ല.

2012-ലെ ഭൂഗർഭജലനിയന്ത്രണ നിയമപ്രകാരം, സാധാരണകിണറിൽ ഒരു കുതിരശക്തിയിൽ കൂടുതൽ ശേഷിയുള്ള മോട്ടോർ പമ്പുസെറ്റ് വച്ചവരും, കുഴൽക്കിണറിൽ മൂന്നിൽ കൂടുതൽ കുതിരശക്തിയുള്ള മോട്ടോർ വെച്ചിട്ടുള്ളവരും ജില്ലാ ഭൂഗർഭജല വകുപ്പിൽ രജിസ്റ്റർ ചെയ്യണം. എന്നാൽ വളരെക്കുറച്ച് ഉപഭോക്താക്കൾ മാത്രമേ ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളൂ.

കുഴൽക്കിണർ നിർമ്മിച്ചു നൽകുന്ന നൂറുകണക്കിന് സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഇവ നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ ശാസ്ത്രീയത ഉറപ്പുവരുത്താൻ യാതൊരുവിധ സംവിധാനങ്ങളുമില്ല. അശാസ്ത്രീയമായി നിർമ്മിക്കപ്പെട്ട കുഴൽക്കിണറിൽ നിന്നും വെള്ളം പമ്പു ചെയ്യുമ്പോൾ ചുറ്റുവട്ടത്തുള്ള സാധാരണ കിണറുകളുടെ ജലനിരപ്പ് ക്രമാതീതമായി താഴുന്നു. കുഴൽക്കിണറുകളുടെ നിർമ്മാണം നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ ഒന്നും തന്നെ നിലവിൽ ഇല്ല. ഭൂഗർഭ ജല നിരപ്പ് ആപത്ക്കരമായി താണുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വർദ്ധിച്ചുവരുന്ന കുഴൽക്കിണറുകൾ വൻഭീഷണിയാണ് ഉയർത്തുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.1.5.18)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

22. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

23. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഓഡിറ്റ് കണ്ടെത്തലുകൾ

പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം- ഗവ. എൽ.പി. സ്കൂൾ, കോട്ടുമ്മൽ

സർക്കാർ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ (കെട്ടിടം, ചുറ്റുമതിൽ, പാചകപ്പുര, ടോയ്‌ലറ്റ് തുടങ്ങിയവ) നവീകരിക്കുന്നതിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. സ്കൂളുകളുടെ ഭൗതിക നിലവാരം ഉയർത്തുന്നതിന് പതിനൊന്നാം പദ്ധതി കാലയളവിലും 2012-2013 വർഷത്തിലും വളരെ തുച്ഛമായ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പതിനൊന്നാം പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സർക്കാർ സ്കൂളുകളുടെ ക്ലാസ്സ് മുറികൾ, ഉച്ചഭക്ഷണം എന്നിവയുടെ മേന്മ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകളും കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് അവശ്യം വേണ്ടുന്ന പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകളും നടപ്പാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന ശ്രദ്ധേയമായ പ്രോജക്ടുകളൊന്നും ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കിയിട്ടില്ല.

9-12-2004-ലെ ജി.ഒ. (എം.എസ്)330/2004/തസ്വഭവ. നമ്പർ വിനിയോഗ മാർഗ്ഗരേഖയിൽ, സ്കൂളുകളുടെ മേൽക്കൂര മാറ്റുന്നത് ഉൾപ്പെടെയുള്ള മെയിന്റനൻസിനാണ് റോഡ് ഒഴികെയുള്ള മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിന് മുൻഗണന നൽകേണ്ടതെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പല സർക്കാർ സ്കൂൾ കെട്ടിടങ്ങളും അപകടാവസ്ഥയിലായിരുന്നിട്ടും യഥാസമയം മെയിന്റനൻസ് ഫണ്ട് ഉപയോഗപ്പെടുത്തി കെട്ടിടങ്ങളുടെ നില മെച്ചപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

പരിശോധനാവിധേയമാക്കിയ സ്കൂളുകളിൽ ഭൂരിഭാഗവും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളും കുറവല്ല.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

വിദ്യാഭ്യാസ സ്ഥാപനം	തദ്ദേശസ്വയംഭരണ സ്ഥാപനം
ഗവ.എൽ.പി. എസ്. കോട്ടുമ്മൽ	കോഴിക്കോട് നഗരസഭ

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. ഓഡിറ്റ് പരാമർശം സംബന്ധിച്ച നിലവിലെ അവസ്ഥ സമിതി ആരാഞ്ഞതിന്, വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് സ്കൂൾ പ്രവർത്തിച്ചിരുന്നതെന്നും പ്രസ്തുത വിഷയത്തിൽ ജന്മി വഖഫ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസിൽ നഗരസഭയോട് സ്കൂൾ കെട്ടിടം ഒഴിയണമെന്ന വിധി പുറപ്പെടുവിച്ചിരുന്നുവെന്നും അതിനെതിരെ നഗരസഭയും വിദ്യാഭ്യാസ വകുപ്പും ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സിൽ കോർപ്പറേഷന് അനുകൂലമായി ഇടക്കാല സ്റ്റേ ലഭിക്കുകയുണ്ടായെന്നും നിലവിൽ സ്കൂൾ കെട്ടിടം ഉപയോഗയോഗ്യമായതിനാൽ അറ്റകുറ്റപ്പണി നടത്തുന്നതിനായി ജന്മിയോട് കോടതി നിർദ്ദേശം നൽകിയെങ്കിലും നാളിതുവരെ പ്രവൃത്തി നടത്താൻ തയ്യാറായിട്ടില്ലെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി മറുപടി നൽകി.

25. വഖഫിന് കൈമാറ്റം ചെയ്ത ഭൂമിയിൽ തർക്കം രജിസ്റ്റർ ചെയ്യാൻ ജന്മിക്ക് നിയമപരമായി അവകാശമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസ്സിൽ വിദ്യാഭ്യാസ വകുപ്പിനെയാണ് കക്ഷി ചേർത്തിരുന്നതെന്നും എന്നാൽ ട്രൈബ്യൂണലിന്റെ വിധിക്കെതിരെ വിദ്യാഭ്യാസ വകുപ്പ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ നഗരസഭയെ കക്ഷി ചേർക്കുകയാണുണ്ടായതെന്നും സ്കൂൾ കെട്ടിടം ഒഴിപ്പിക്കരുതെന്ന നിലപാടാണ് ഹൈക്കോടതിയിൽ നഗരസഭ സ്വീകരിച്ചിട്ടുള്ളതെന്നും കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ജന്മിയോട് ആവശ്യപ്പെട്ടിട്ടും പ്രവൃത്തി ചെയ്യാൻ തയ്യാറാകാത്തതിനാൽ ആറ് ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിക്കൊണ്ട് അറ്റകുറ്റപ്പണികൾ ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും നഗരസഭാ സെക്രട്ടറി വ്യക്തമാക്കി. നിലവിൽ പ്രസ്തുത സ്കൂളിൽ 29 കുട്ടികളാണ് പഠിക്കുന്നതെന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ മാറ്റേണ്ടത് അത്യാവശ്യമാണെങ്കിലും വിദ്യാഭ്യാസ വകുപ്പിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സ്ഥലം ടൗണിൽ ലഭ്യമല്ലാത്തതു കൊണ്ടാണ് മാറ്റുന്നതിന് കാലതാമസം നേരിടുന്നതെന്നും വഖഫിന് ജന്മിയുണ്ടാകുമെന്നും ടിയാൻ വഖഫ് ബോർഡിന് കൈമാറിയ ഭൂമിയാണിതെന്നും നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

26. ബോർഡിന് കൈമാറിയ വസ്തുവിൽ ഉടമസ്ഥന് അവകാശമില്ലെന്നും ഭൂമിയിന്മേലുള്ള അവകാശം വഖഫ് ബോർഡിന് മാത്രമാണെന്നും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ, ആയത് നിയമപരമായി ഇടപെടേണ്ട വിഷയമാണെന്ന് നഗരസഭാ സെക്രട്ടറി ബോധിപ്പിച്ചു.

27. മേൽ വിഷയത്തിൽ നിയമപരമായി തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

28. കോട്ടുമ്മൽ ഗവ.എൽ.പി.എസ്. നിലവിൽ സ്ഥിതി ചെയ്യുന്നത് വഖഫ് ബോർഡിന്റെ സ്ഥലത്താണെന്നും ബോർഡിന് കൈമാറിയ വസ്തുവിൽ ഉടമസ്ഥന് അവകാശമില്ലെന്നും ഭൂമിയിന്മേലുള്ള അവകാശം വഖഫ് ബോർഡിന് മാത്രമാണെന്നും സമിതി വിലയിരുത്തുന്നു.

29. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന തർക്കഭൂമി വീണ്ടുകിട്ടാൻ നിയമപരമായി തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകൾ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നേരിടുന്നുണ്ട്. വെങ്ങളം യു.പി.സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര ഒരു ഭാഗത്ത് ആസ്ബസ്റ്റോസ് ഷീറ്റുകൊണ്ടുള്ളതാണ്. ഇത് കുട്ടികളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതാണ്. തിരുവങ്ങൂർ ഹയർ സെക്കണ്ടറി സ്കൂളിൽ മൂന്ന് ക്ലാസ്സുകൾ ടിൻഷീറ്റുകൊണ്ടുള്ള താല്കാലിക ഷെഡ്ഡിലാണ് പ്രവർത്തിക്കുന്നത്.

കോഴിക്കോട് നഗരസഭയുടെ അധീനതയിലുള്ള കാരപ്പറമ്പ് ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ 24 മുറികളുള്ള ഇരുനില കെട്ടിടത്തിന്റെ മുകളിലെ 12 മുറികളും താഴത്തെ 4 മുറികളും വർഷങ്ങളായി ടെക്സ്റ്റ് ബുക്ക് ഡിപ്പോയായി പ്രവർത്തിച്ചു വരുന്നതിനാൽ സമയാസമയങ്ങളിൽ അറ്റകുറ്റപ്പണി ചെയ്യാനാവാതെ കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. 2008-2009 വർഷം തനത് ഫണ്ടിൽ നിന്ന് 22.5 ലക്ഷം രൂപയും മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 1.5 ലക്ഷം രൂപയും ഉൾപ്പെടെ 24 ലക്ഷം രൂപ വകയിരുത്തി സ്കൂളിന്റെ നവീകരണത്തിനായി പദ്ധതി (പ്രോജക്ട് നമ്പർ 329/09) തയ്യാറാക്കിയെങ്കിലും നടപ്പിലായില്ല.

പുതിയാപ്പ ഗവൺമെന്റ് ഫിഷറീസ് ഹൈസ്കൂളിന്റെ നാല് ക്ലാസ്സ് മുറികൾ പൂർണ്ണമായി തകർന്നിട്ടുണ്ട്. ബീമുകൾ നനഞ്ഞ് കുതിർന്ന് ഏതു സമയത്തും നിലം പതിക്കാവുന്ന അവസ്ഥയിലാണ്. എസ്.എസ്.എൽ.സി. ക്ലാസ്സ് പ്രവർത്തിക്കുന്നത് ലൈബ്രറിയിലാണ്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നു

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി എല്ലാ സ്കൂളുകളും യഥാസമയം അപേക്ഷ നൽകിയിട്ടും തിരുവങ്ങൂർ ഹയർ സെക്കണ്ടറി സ്കൂൾ, ചേമഞ്ചേരി യു.പി. സ്കൂൾ എന്നിവയൊഴികെ മറ്റ് സ്കൂളുകൾക്കൊന്നും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം ഇതുവരെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കാതെയും സർട്ടിഫിക്കറ്റ് നൽകാതെയും സ്കൂളുകൾ പ്രവർത്തിക്കുന്നത് ഗൗരവമായി കാണേണ്ട വിഷയമാണ്.

പല സർക്കാർ സ്കൂൾ കെട്ടിടങ്ങളും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല

ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ലാത്ത സർക്കാർ സ്കൂളുകൾ നിരവധിയാണ്. ചുറ്റുമതിൽ കെട്ടാത്തതിനാൽ പൊതുജനങ്ങൾ കപ്പക്കൽ ജി.എൽ.പി. സ്കൂളിനുള്ളിലൂടെ വഴി നടക്കുവാൻ ഇടയാകുന്നു. പയ്യാനക്കൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ വടക്ക് ഭാഗം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തതിനാൽ, സ്കൂൾ വക ഭൂമി കയ്യേറി പൊതുവഴി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ മീഞ്ചന്ത ഹയർ സെക്കണ്ടറി സ്കൂളിന്റെ പുറകുവശം സ്കൂളിനോട് ചേർന്ന് സ്വകാര്യ വ്യക്തി റോഡ് വെട്ടി വീതികൂട്ടിയിട്ടുണ്ട്. (മേൽപ്പറഞ്ഞ സ്കൂളുകൾ കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽപ്പെടുന്നു.)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

30. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വെങ്ങളം യു.പി.സ്കൂൾ, തിരുവങ്ങൂർ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

31. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാരപ്പറമ്പ് ഗവ. എൽ. പി. സ്കൂൾ, പുതിയാപ്പ ഗവൺമെന്റ് ഫിഷറീസ് ഹൈസ്കൂൾ എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

32. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി റിപ്പോർട്ട് അംഗീകരിച്ച സമിതി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നുവെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

33. 2021-22 കാലയളവിൽ കപ്പക്കൽ ജി.എൽ.പി.എസ്.ന്റെ ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് കോഴിക്കോട് നഗരസഭാ സെക്രട്ടറി വിശദീകരിച്ചു. വകുപ്പ് നൽകിയ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

34. പയ്യാനക്കൽ വി.എച്ച്.എസ്.എസ്.-ന്റെ അതിർത്തി സംബന്ധിച്ച് തർക്കമുള്ളതിനാൽ സർവെ നടത്തിയശേഷം മാത്രമേ ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂവെന്ന് കോഴിക്കോട് നഗരസഭാ സെക്രട്ടറി വിശദീകരിച്ചു. 2013-14-ൽ തുടങ്ങിയ പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തതിന് കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന്, അതിർത്തി നിർണ്ണയിച്ചു നൽകുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടെങ്കിലും അവിടെ നിന്നും അനുകൂലമായ നടപടിയൊന്നുമുണ്ടായില്ലെന്നും സ്കൂളിന്റെ അസറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്നതിനാൽ അവിടെ വരുത്തുന്ന മാറ്റത്തിന് വകുപ്പിന്റെ കൺകറൻസ് ആവശ്യമാണെന്നും വിദ്യാഭ്യാസ വകുപ്പും കൂടി സഹകരിച്ചാൽ വളരെപ്പെട്ടെന്ന് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്നും കഴിഞ്ഞ 13 വർഷമായി ഇതിനുവേണ്ട സഹകരണം വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായില്ലെന്നാണ് മനസ്സിലാകുന്നതെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി മറുപടി നൽകി.

35. വിട്ടുകിട്ടിയ സ്കൂളായതിനാൽ ഇക്കാര്യങ്ങൾ ചെയ്യേണ്ടത് നഗരസഭയാണെന്നും ഇതിനായി മറ്റ് വകുപ്പുകളുടെ സഹകരണമെന്തിനാണെന്നും സമിതി ആരാഞ്ഞതിന്, സ്കൂൾ കൈമാറിയപ്പോൾ അതിർത്തി സംബന്ധിച്ച കൃത്യമായ അളവ് നഗരസഭയ്ക്ക് കൈമാറിയിട്ടില്ലെന്നും അളവ് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് വ്യക്തത വരുത്തിയാൽ മാത്രമേ സർവ്വേ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂവെന്നും നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

36. സർക്കാർ തലത്തിൽ ആലോചിച്ച് പരിഹരിക്കാൻ സാധിക്കുന്ന വിഷയങ്ങൾ വർഷങ്ങളോളം നീട്ടിക്കൊണ്ടുപോകുന്നത് അഭികാമ്യമല്ലെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതിനുള്ള യാതൊരു ശ്രമവും ഉണ്ടായിട്ടില്ലെന്നും നഗരസഭാ പരിധിയിൽ വരുന്ന സ്കൂളായതിനാൽ പൂർണ്ണ ഉത്തരവാദിത്തം നഗരസഭയ്ക്ക് തന്നെയാണെന്നും വിലയിരുത്തുകയും ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

37. മീഞ്ചന്ത ഹയർ സെക്കണ്ടറി സ്കൂളിന്റെ പുറകുവശം സ്വകാര്യ വ്യക്തി കയ്യേറിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, അത്തരത്തിലൊരു കയ്യേറ്റം കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും സ്കൂളിന് ചുറ്റുമതിൽ കെട്ടി സംരക്ഷിച്ച നിലയിലാണ് നിലവിലുള്ളതെന്നും നഗരസഭാ സെക്രട്ടറി മറുപടി നൽകി.

38. ഓഡിറ്റ് വകുപ്പ് സൂചിപ്പിച്ചതുപോലൊരു കയ്യേറ്റമില്ലെന്ന നഗരസഭയുടെ വാദത്തെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ, മീഞ്ചന്ത ഹയർ സെക്കണ്ടറി സ്കൂളിന്റെ പിന്നിലുള്ള എൽ.പി. സ്കൂളിന്റെ പുറമ്പോക്കിലാണ് കയ്യേറ്റമുള്ളതെന്നും നഗരസഭ മീഞ്ചന്ത ഹയർ സെക്കണ്ടറി സ്കൂളിന്റെ കാര്യമാണ് വിശദീകരിക്കുന്നതെന്നും കോഴിക്കോട് ജില്ലാ ഓഡിറ്റ് ഓഫീസർ അറിയിച്ചു.

നിഗമനങ്ങളും ശിപാർശകളും

39. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വെങ്ങളം യു. പി. സ്കൂൾ, തിരുവങ്ങൂർ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

40. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാരപ്പറമ്പ് ഗവ. എൽ. പി. സ്കൂൾ, പുതിയാപ്പ ഗവൺമെന്റ് ഫിഷറീസ് ഹൈസ്കൂൾ എന്നിവയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

41. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

42. തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ വിശദീകരണം അംഗീകരിച്ച് കപ്പക്കൽ ജി.എൽ.പി.എസ്. സ്കൂളിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

43. പയ്യനാക്കൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ അതിർത്തി തർക്കം സർക്കാർ തലത്തിൽ പരിഹരിക്കാൻ സാധിക്കുന്ന വിഷയം ആയിരുന്നുവെന്നും പരിഹാര നടപടികൾ സ്വീകരിക്കാൻ ഒരു ശ്രമവും നടത്താതെ വർഷങ്ങളോളം മുന്നോട്ട് പോയത് അഭികാമ്യമല്ലാത്ത രീതിയായിരുന്നുവെന്നും സമിതി വിലയിരുത്തുന്നു.

44. പയ്യനാക്കൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ നഗരസഭാ പരിധിയിൽ വരുന്നതാകയാൽ അതിർത്തി പ്രശ്ന പരിഹാരത്തിന്റെയും ചുറ്റുമതിൽ നിർമ്മാണത്തിന്റെയും പൂർണ്ണ ഉത്തരവാദിത്തം നഗരസഭക്ക് തന്നെയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത് പ്രശ്നപരിഹാരത്തിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

45. മീഞ്ചന്ത ഹയർ സെക്കണ്ടറി സ്കൂളിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൻമേൽ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പലതും ലക്ഷ്യം കൈവരിച്ചില്ല

നിർവഹണത്തിലെ അപാകത - ഐ. ഇ. ഡി. എസ്. റിസോഴ്സ് സെന്റർ കെട്ടിടം പ്രവൃത്തിക്കിടെ തകർന്നുവീണു

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ജില്ലാതല ഐ.ഇ.ഡി.എസ്. (ഇൻക്ലൂസിവ് എഡ്യൂക്കേഷൻ ഫോർ ഡിസ്ഏബിൾഡ് ചൈൽഡ് സ്കീം) റിസോഴ്സ് സെന്റർ പണിയുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25-11-2010-ലെ ഐ.ഇ.ഡി/50292/2010/ഡി.പി.ഐ. നമ്പർ ഉത്തരവ് പ്രകാരം 5,00,000/- രൂപയും 1-11-2011-ലെ ഐ.ഇ.ഡി/36/എ.1/ ഡി.പി.ഐ. നമ്പർ ഉത്തരവ് പ്രകാരം വീണ്ടും 5,00,000/- രൂപയും കൂടി മൊത്തം 10,00,000/- രൂപ അനുവദിച്ചു.

25-11-2010-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ഐ.ഇ.ഡി/50292/ 2010/ഡി.പി.ഐ. നമ്പരിലുള്ള മാർഗ്ഗരേഖ പ്രകാരം റിസോഴ്സ് സെന്ററിന്റെ നിർമ്മാണത്തിനായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായും ജില്ലാപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അധ്യക്ഷനായും വാർഡ് മെമ്പർ, ഡി.ഇ.ഒ., സ്കൂൾ ഹെഡ്മാസ്റ്റർ, പി.ടി.എ. പ്രസിഡന്റ്, ഐ.ഇ.ഡി. റിസോഴ്സ് ടീച്ചർ, സ്കൂളിലെ സീനിയർ അസിസ്റ്റന്റ് എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് നിർദേശിച്ചിരുന്നു. സ്കൂൾ പി.ടി.എ. കമ്മിറ്റി പ്രോജക്റ്റ് നടപ്പിലാക്കേണ്ടതാണെന്നും ബന്ധപ്പെട്ട സ്കൂളിലെ ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായിരിക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്.

താമരശ്ശേരി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുകയും (ടി.എസ്.നം.kdy/Build/970/12-13/6-1-2012) പി.ടി.എ. കമ്മിറ്റി പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. 14-12-2012-ന് ചേർന്ന പി.ടി.എ. കമ്മിറ്റി യോഗത്തിലെ തീരുമാനം നമ്പർ 8, 9 പ്രകാരം കെട്ടിട നിർമ്മാണത്തിനായി ശ്രീ. കെ. പി. നാരായണൻ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പി.ടി.എ. എക്സിക്യൂട്ടീവ് മെമ്പറായ ശ്രീ. ടി. ആർ. ജയപ്രകാശനെ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തതായി കാണുന്നു. അനുപ്രകാരം നിർമ്മാണ പ്രവൃത്തി ആരംഭിക്കുകയും കെട്ടിടത്തിന്റെ ചുമർകെട്ട് പൂർത്തിയാക്കുകയും മേൽക്കൂരയുടെ കോൺക്രീറ്റ് പ്രവൃത്തി നടത്തുകയും ചെയ്തു. എന്നാൽ 18-6-2013-ന് കെട്ടിടത്തിന്റെ മേൽക്കൂര ഉൾപ്പെടുന്ന മുൻഭാഗം തകർന്ന് വീണു.

മേൽ പ്രവൃത്തിക്കായി സാധനസാമഗ്രികൾ വാങ്ങിയ വകയിലുള്ള 83,788/- രൂപയും തറ നിർമ്മാണത്തിനായി ചെലവഴിച്ച 48,500/- രൂപയും ശ്രീ. ജയപ്രകാശൻ വിവിധ ഘട്ടങ്ങളിലായി കൈപ്പറ്റിയ 4,28,000/- രൂപയും ഉൾപ്പെടെ 5,60,288/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി ലഭിച്ച 10,00,000/- രൂപയിൽ 5,50,000/- രൂപ ഹെഡ്മാസ്റ്റർ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്.

ശ്രീ. ജയപ്രകാശനെ പ്രവൃത്തിയുടെ ചുമതല ഏൽപ്പിച്ചുവെങ്കിലും ടിയാനുമായി പി.ടി.എ. കമ്മിറ്റിയോ നിർവഹണ ഉദ്യോഗസ്ഥനോ യാതൊരുവിധ ഉടമ്പടികളും വച്ചിട്ടില്ല. മാത്രമല്ല ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചതായോ തുക അനുവദിക്കുന്നതിന് മുമ്പ് വാല്യുവേഷൻ നടത്തിയതായോ കാണുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

46. താമരശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഐ.ഇ.ഡി.എസ്. റിസോഴ്സ് സെന്റർ കെട്ടിടം പുനർനിർമ്മിച്ചിട്ടുണ്ടെങ്കിലും പ്ലമ്പിംഗ്, വയറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന്, ഐ.ഇ.ഡി.എസ്. റിസോഴ്സ് സെന്റർ നിർമ്മാണത്തിലിരിക്കെ തകർന്നുവീണതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടിയാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത കെട്ടിടം പി.ടി.എ. സ്വന്തം ചെലവിൽ നിർമ്മിച്ചതാണെന്നും മേൽ പരാമർശം ശ്രദ്ധയിൽവന്നിട്ടില്ലെന്നും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഉത്തരം നൽകി.

47. പ്രസ്തുത പരാമർശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

48. താമരശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഐ.ഇ.ഡി.എസ്. റിസോഴ്സ് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച ഓഡിറ്റ് പരാമർശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്തംഭനാവസ്ഥയിലായ നിർമ്മാണ പ്രവൃത്തികൾ

താമരശ്ശേരി ജി.യു.പി. സ്കൂളിൽ 3 ക്ലാസ്സ് മുറികളുടെ നിർമ്മാണത്തിനായി 6,00,000/- രൂപ എസ്.എസ്.എ. ഫണ്ടും 1,20,000/- രൂപ പി.ടി.എ. ഫണ്ടും വകയിരുത്തുകയുണ്ടായെങ്കിലും പണി പൂർത്തിയാകാത്തതിനാൽ 1,03,000/- രൂപ അധിക തുക പി.ടി.എ. വഹിച്ചു. ആകെ 8,23,000/- രൂപ ചെലവഴിച്ചു. 2010-11 വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും എസ്.എസ്.എ. ഫണ്ടായി വകയിരുത്തിയ തുകയിൽ 5,40,000/- രൂപ മാത്രമേ നാളിതുവരെയായി പി.ടി.എ. കമ്മിറ്റിക്ക് ലഭിച്ചിട്ടുള്ളൂ. പ്രവൃത്തിയുടെ അളവെടുത്ത് ഫൈനൽ ബിൽ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. സ്കൂൾ ഹെഡ്മാസ്റ്റർ പലതവണ അപേക്ഷ സമർപ്പിച്ചുവെങ്കിലും ഫൈനൽ ബിൽ തയ്യാറാക്കി ബാക്കി തുകയായ 60,000/- രൂപ ഗ്രാമപഞ്ചായത്ത് അനുവദിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

49. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പി.ടി.എ., എസ്.എസ്.എ. ഫണ്ടുകൾ വിനിയോഗിച്ച് താമരശ്ശേരി ജി.യു.പി. സ്കൂളിൽ നിർമ്മിച്ച മൂന്നുമുറി കെട്ടിടത്തിന്റെ വാല്യുവേഷൻ നടത്തുകയെന്നതായിരുന്നു പഞ്ചായത്തിന്റെ ചുമതലയെന്നും എസ്റ്റിമേറ്റിൽ വ്യത്യാസം വന്നതു കാരണം പ്രവൃത്തി പൂർത്തീകരിക്കാനും ഫൈനൽ ബിൽ സമർപ്പിക്കാനും കാലതാമസം നേരിട്ടതിനാലാണ് പഞ്ചായത്തിന്റെ ചുമതല കൃത്യമായി നിർവഹിക്കാൻ സാധിക്കാത്തതെന്നും നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. താമരശ്ശേരി ജി.യു.പി.സ്കൂളിലെ മൂന്ന് ക്ലാസ് മുറികളുടെ നിർമ്മാണ പ്രവൃത്തിയുടെ അളവെടുത്ത് ഫൈനൽ ബിൽ തയ്യാറാക്കിയത് സംബന്ധിച്ചും ബാക്കി തുകയായ 60,000/-രൂപ പി.ടി.എ.

കമ്മിറ്റിക്ക് അനുവദിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചുമുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ പി.ടി.എ., എസ്.എസ്.എ. ഫണ്ടുകൾ വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ ഫൈനൽ ബിൽ സമർപ്പിക്കാത്തതുകൊണ്ടാണ് വാല്യുവേഷന് കൊടുക്കാത്തതെന്നും 2013-14 വർഷത്തെ പ്രോജക്ട് പ്രകാരം ചെയ്ത പ്രവൃത്തിയുടെ അന്തിമ ബിൽ കിട്ടിയിട്ടില്ലെന്നും ബിൽ തയ്യാറാക്കേണ്ട ചുമതല എൽ.എസ്.ജി.ഡി.ക്കാണെന്നും എസ്.എസ്.എ. നേരിട്ടാണ് ഫണ്ട് കൊടുത്തതെന്നും താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

50. സമിതിയുടെ നടപ്പ് യോഗത്തിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

51. പ്രസ്തുത പ്രവൃത്തി ഗ്രാമപഞ്ചായത്ത് നേരിട്ട് ചെയ്തതല്ലെന്നും എസ്.എസ്.എ.യും പി.ടി.എ.യും ചേർന്നാണ് ചെയ്തതെന്നും ബിൽ കൊടുക്കാത്തതിന്റെ ഭാഗികമായ ഉത്തരവാദിത്തം എസ്. എസ്. എ. ക്കുണ്ടെന്നും മേൽ പ്രവൃത്തി പഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗമല്ല ചെയ്തതെന്നും ഒരു വർഷത്തെ ആക്ഷൻ പ്ലാനുണ്ടാക്കി, ആവശ്യകത അനുസരിച്ചുള്ള തുക ഗ്രാമപഞ്ചായത്തുകൾ എസ്.എസ്.കെ.ക്ക് കൈമാറുകയാണ് ചെയ്തതെന്നും ഇതിന്റെ നിർവഹണം നടത്തിയത് എസ്.എസ്.കെ. ആണെന്നും സാധാരണ നിലയിൽ പ്രസ്തുത പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. ആണ് ചെയ്യുന്നതെന്നും പേമെന്റടക്കമുള്ള തുക മുൻകൂറായി എസ്.എസ്.കെ.-ക്ക് നൽകുകയാണ് ചെയ്തതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സമിതിക്ക് വിശദീകരണം നൽകി .

52. കൊടുത്ത പണത്തിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തത് എന്തു കൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടത് ബി.ആർ.സി.-യാണെന്നും ആയത് ലഭിക്കുന്നതിനായി ബി.ആർ.സി.-ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

53. എസ്.എസ്.കെ.ക്ക് കത്ത് ലഭിച്ചിട്ടില്ലെന്നും ബി.ആർ.സി. എന്നത് എസ്.എസ്.കെ.യുടെ കീഴിൽ വരുന്നതാണെന്നും എസ്.എസ്.കെ. കോഴിക്കോട് എ.ഒ. സമിതിയെ ബോധിപ്പിച്ചു.

54. റിപ്പോർട്ട് ബി.ആർ.സി.യിൽനിന്നും എസ്.എസ്.കെ.ക്ക് ശേഖരിക്കാമായിരുന്നുവെന്ന് ചൂണ്ടിക്കാട്ടിയ സമിതി, പതിമൂന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും ഇതുസംബന്ധിച്ച് പരിശോധിച്ചിട്ടില്ലെന്നാണ് മനസ്സിലാകുന്നതെന്നും നൽകിയ 7 ലക്ഷം രൂപ എങ്ങനെ ചെലവഴിച്ചുവെന്നറിയില്ലെന്നത് നിരുത്തരവാദപരമായ സമീപനമാണെന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയായി ഇതിനെ കണക്കാക്കണമെന്നും സൂചിപ്പിച്ചു.

55. വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

56. താമരശ്ശേരി ഗവൺമെന്റ് യു.പി. സ്കൂളിലെ 3 ക്ലാസ്സ് മുറികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ രേഖകൾ 13 വർഷം കഴിഞ്ഞിട്ടും ശേഖരിക്കാൻ കഴിയാത്തതും 7 ലക്ഷം രൂപ എങ്ങനെ ചെലവഴിച്ചു എന്നറിയാൻ പറ്റാത്തതും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള തികച്ചും നിരുത്തരവാദപരമായ സമീപനവും നടപടിയുമാണെന്ന് സമിതി വിലയിരുത്തുന്നു.

57. ആയതിനാൽ താമരശ്ശേരി ഗവൺമെന്റ് യു. പി. സ്കൂളിന്റെ ക്ലാസ്സ് മുറി നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൻമേൽ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് എത്രയും പെട്ടെന്ന് സമർപ്പിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കളിസ്ഥലങ്ങൾ-വിദ്യാഭ്യാസചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല

കളിസ്ഥലങ്ങൾ വിദ്യാർഥികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് അനിവാര്യമായ ഘടകമാണ്. 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം 4 റൂൾ 3 പ്രകാരം കളികൾക്കും, കായിക വിനോദങ്ങൾക്കും എല്ലാ സ്കൂളുകളിലും അനുയോജ്യമായ കളിസ്ഥലം ഉണ്ടാകേണ്ടതും പ്രസ്തുത സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതുമാണ്.

ഗ്രാമപ്രദേശത്തെ വിദ്യാർഥികളെ കായികരംഗത്ത് ദേശീയതലത്തിൽ എത്തിക്കുന്നതിന് പ്രൈമറി സ്കൂളുകൾ നിർണ്ണായക പങ്ക് വഹിക്കുന്നു. കളിസ്ഥലങ്ങളുടെയും, കളിയുപകരണങ്ങളുടെയും അപര്യാപ്തതയും, ലഭ്യമായ കളിസ്ഥലങ്ങൾ ഉപയോഗിക്കാൻ കഴിയാത്തതും സ്കൂളുകളിലെ കായികരംഗത്തുള്ള പ്രവർത്തനങ്ങൾ ശുഷ്കമാകാൻ കാരണമാകുന്നു. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും കായികരംഗത്തെ ഭാവി വാഗ്ദാനങ്ങളെ കണ്ടെത്താനുള്ള ഉറവിടമാണ് സ്കൂളുകൾ. ആയതിനാൽ കായികമേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. എന്നാൽ ഈ മേഖലയിൽ സ്കൂളുകൾ വേണ്ടത്ര പരിഗണന നൽകുന്നില്ല. വിദ്യാലയങ്ങളിൽ ആവശ്യത്തിന് കളിസ്ഥലങ്ങൾ ഒരുക്കി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും കളിയുപകരണങ്ങൾ ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

കോഴിക്കോട് നഗരസഭയിലെ 53 സ്കൂളുകൾക്ക് സ്വന്തമായി കളിസ്ഥലമില്ലാത്തതിനാൽ ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ മുതലായ കളിയുപകരണങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ല. 2000-ലധികം കുട്ടികൾ പഠിക്കുന്ന പയ്യാനക്കൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ രണ്ട് കെട്ടിടങ്ങളുടെ ഇടയിലെ വളരെ ഇടുങ്ങിയ സ്ഥലമാണ് കളിസ്ഥലമായി ഉപയോഗിക്കുന്നത്. കൂടാതെ ഗവൺമെന്റ് ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, പുതിയാപ്പ കുണ്ടുപറമ്പ് ഹൈസ്കൂൾ എന്നിവയ്ക്കും കളിസ്ഥലമില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

58. ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് കോഴിക്കോട് നഗരസഭ പരിധിയിൽ 53 സ്കൂളുകൾക്ക് സ്വന്തമായി കളിസ്ഥലമില്ലെന്നും ടൗണിന്റെ മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന പയ്യാനക്കൽ സ്കൂളിൽ കളിസ്ഥലം ഒരുക്കുന്നതിന്റെ ഭാഗമായി ഒരേക്കർ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി നഗരസഭ സ്വീകരിച്ചിട്ടുണ്ടെന്നും അത്തരത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം കളി സ്ഥലം ഒരുക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും എല്ലാ സ്കൂളുകളിലും വിദ്യാഭ്യാസ വകുപ്പിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള കളിസ്ഥലം ലഭ്യമല്ലെന്നുള്ളത് വസ്തുതയാണെന്നും വാർഡിൽ ഒരു കളിസ്ഥലമെന്ന പദ്ധതി കോർപ്പറേഷന്റെ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ടെന്നും അത്തരം സ്ഥലങ്ങൾ കൂടി സ്കൂളിന്റെ കളിസ്ഥലമായി പരമാവധി പ്രയോജനപ്പെടുത്തിയാൽ മാത്രമേ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്നും മറ്റ് സ്കൂളുകളിൽ അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും നഗരസഭാ സെക്രട്ടറി മറുപടി നൽകി.

59. കളിക്കളം നിർമ്മിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതിന്റെ ഭാഗമായി സർക്കാർ വിവിധ തലങ്ങളിലുള്ള ഫണ്ട് ഇതിനായി വിനിയോഗിക്കുന്നുണ്ടെന്നും എം.എൽ.എ. ഫണ്ട് 50 ലക്ഷം രൂപയും തത്തുല്യമായ തുക സർക്കാരും വഹിച്ചുകൊണ്ട് കളിക്കളം നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ടെന്നും എല്ലാ പ്രദേശങ്ങളിലും ഇതിനുള്ള സാധ്യത പരിശോധിച്ച് കളിക്കളങ്ങൾ പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തണമെന്നും സമിതി വ്യക്തമാക്കി. സർക്കാർ ഫണ്ടിനെ മാത്രം ആശ്രയിച്ച് നടപ്പിലാക്കാൻ കഴിയില്ലെന്നും നഗരസഭകളിൽ സ്ഥലം ലഭിക്കുന്നതിന് പ്രായോഗിക

ബുദ്ധിമുട്ടുണ്ടെന്നും സർക്കാർ ഭൂമി ലഭ്യമാകുന്ന പ്രദേശങ്ങളിൽ ആയത് ഏറ്റെടുക്കുന്ന നടപടി സ്വീകരിക്കാവുന്നതാണെന്നും കോർപ്പറേഷൻ നഗരസഭാ പരിധിയിൽ പുറമ്പോക്ക് ഭൂമി അപൂർവ്വമായി മാത്രമേ ഉള്ളൂവെന്നും ആയതിനാൽ കളിക്കളം നിർമ്മിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായി ചർച്ച നടത്തി ആവശ്യമായ ക്രമീകരണം നടത്തുന്നതിന് നഗരസഭ മുൻകയ്യെടുക്കണമെന്നും അഭിപ്രായപ്പെട്ട സമിതി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

60. കളിക്കളം നിർമ്മിക്കുന്നതിന് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി സർക്കാർ വിവിധ തലങ്ങളിലുള്ള ഫണ്ട് വിനിയോഗിക്കുന്നുണ്ടെന്നും എം.എൽ.എ. ഫണ്ട് 50 ലക്ഷം രൂപയും തത്തുല്യമായ തുക സർക്കാരും വഹിച്ചുകൊണ്ട് കളിക്കളം നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ടെന്നും സമിതി വിലയിരുത്തുന്നു. എല്ലാ പ്രദേശങ്ങളിലും ഇതിനുള്ള സാധ്യത പരിശോധിച്ച് കളിക്കളങ്ങൾ പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

61. കളിക്കളം നിർമ്മിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായി ചർച്ച നടത്തി ആവശ്യമായ ക്രമീകരണം നടത്തുന്നതിന് നഗരസഭ മുൻകയ്യെടുക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

62. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അഡ്മിഷൻ നിലവാരം-ഒരു താരതമ്യം

ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഐ.ഇ.ഡി.സി. വിഭാഗത്തിൽപ്പെട്ട 268 കുട്ടികൾ ഉണ്ടെന്ന് ബി.ആർ.സി.യിൽ നിന്നും ലഭിച്ച കണക്കുകൾ വ്യക്തമാക്കുന്നു. ഇതിൽ 169 കുട്ടികൾ സർക്കാർ എയ്ഡഡ് സ്കൂളിലും 82 പേർ അൺഎയ്ഡഡ് സ്കൂളുകളിലുമാണ്. ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ നിന്നും എസ്.എസ്.എ.യിൽ നിന്നും ശേഖരിച്ച (2007-08 മുതൽ 2013-14 വരെയുള്ള കാലയളവിൽ) ഒന്നാം സ്റ്റാൻഡേർഡ് മുതൽ 8-ാം സ്റ്റാൻഡേർഡ് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം പട്ടികപ്പെടുത്തിയിരിക്കുന്നു.

വർഷം	സ്കൂളുകളുടെ എണ്ണം		കുട്ടികളുടെ എണ്ണം	
	സർക്കാർ /എയ്ഡഡ്	അൺ എയ്ഡഡ്	സർക്കാർ /എയ്ഡഡ്	അൺ എയ്ഡഡ്
2007-08	11	7	3752	1814
2008-09	11	7	3671	1832
2009-10	11	7	3657	1893
2010-11	11	7	3617	1829
2011-12	11	7	3523	1840
2012-13	11	7	3538	1784
2013-14	11	7	3555	1756

ഗ്രാമപഞ്ചായത്തുപരിധിയിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആകെയുള്ള 11 സ്കൂളുകളിൽ 8 എണ്ണത്തിലും കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുകൊണ്ടിരിക്കുന്നു. മുകളിലെ പട്ടികയിൽ കൊടുത്തിട്ടുള്ള ഓരോ വർഷത്തേയും ആകെ കുട്ടികളുടെ എണ്ണത്തിൽ 50 ശതമാനവും തിരുവങ്ങൂർ എച്ച്.എസ്.എസ്.-ലെ കുട്ടികളാണ്. ഈ സ്കൂളിൽ ഓരോ വർഷവും കുട്ടികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ചേമഞ്ചേരി എ.യു.പി.സ്കൂളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവു വരാതെ നിലനിർത്താനും തിരുവങ്ങൂർ എച്ച്.എസ്.എസ്.ൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കാനും ഇടയാക്കിയത് പ്രസ്തുത സ്കൂളുകളിലെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളുടെ സ്വാധീനമാണ്.

മേൽ വിവരിച്ച കണക്കുകൾ പ്രകാരം അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് തടയുന്നതിന് എയ്ഡഡ് സ്കൂളിലെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾക്ക് സാധിച്ചിട്ടുണ്ട്. 2011-12 വർഷം മുതൽ തുടർച്ചയായി അൺ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാവുകയും എയ്ഡഡ്

സ്കൂളുകളിലെ (ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളുള്ള) കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്തിട്ടുണ്ട്. മാതാപിതാക്കളുടെ പ്രതീക്ഷയ്ക്കനുസരിച്ച് നിലവാരമുള്ള വിദ്യാഭ്യാസം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയാണ് ഇത് വ്യക്തമാക്കുന്നത്.

അനാദായകരമായ സ്കൂളുകൾ

കുട്ടികൾ കുറവായതുകൊണ്ട് അനാദായകരമായി മാറിയ 3392 സ്കൂളുകളാണ് സംസ്ഥാനത്തുള്ളത്. ഒരു കുട്ടി പോലും ഇല്ലാത്ത 12 സ്കൂളുകൾ ഉള്ളതിൽ 9 ഉം എയ്ഡഡ് മേഖലയിലാണ്. അനാദായകരമായ 3392 സ്കൂളുകളിൽ 1597 എണ്ണം സർക്കാർ മേഖലയിലും ബാക്കി 1795 എണ്ണം എയ്ഡഡ് വിഭാഗത്തിലുമാണ്. മുമ്പ് 100-ൽ താഴെ കുട്ടികളില്ലാത്ത സ്കൂളുകളെയാണ് അനാദായകരമായി കണക്കാക്കിയിരുന്നത്. 2003-04 വരെ അനാദായകരമായി മാറിയ സ്കൂളുകൾ സർക്കാർ പൂട്ടിയിരുന്നു. അനാദായകരമായ സ്കൂളുകൾ ഭൂരിഭാഗവും എൽ.പി./യു.പി.വിഭാഗങ്ങളിലാണ്. ഒരു ക്ലാസ്സിൽ 15 കുട്ടികളെങ്കിലും ഇല്ലാത്തവയാണ് ഇപ്പോൾ അനാദായകരമായി കണക്കാക്കുക.

അനാദായകരമായ സ്കൂളുകളുടെ എണ്ണം-ജില്ല തിരിച്ച്

ക്രമ നം.	ജില്ല	സ്കൂളുകളുടെ എണ്ണം
1	തിരുവനന്തപുരം	2591
2	കൊല്ലം	230
3	പത്തനംതിട്ട	421
4	ആലപ്പുഴ	280
5	കോട്ടയം	363
6	ഇടുക്കി	158
7	എറണാകുളം	330
8	തൃശ്ശൂർ	244
9	പാലക്കാട്	185

10	മലപ്പുറം	58
11	കോഴിക്കോട്	277
12	വയനാട്	37
13	കണ്ണൂർ	449
14	കാസർഗോഡ്	101

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.15)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

63. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

64. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ/എയിഡഡ് സ്കൂളുകളിലെ അഡ്മിഷൻ നിലവാരം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ-വിദ്യാഭ്യാസ മേഖലയ്ക്കു വേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം

അരിക്കുളം ഗ്രാമപഞ്ചായത്ത്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടുകൂടി സർക്കാർ സ്ക്കൂളുകളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപ്പെട്ടതായി. സർക്കാർ സ്ക്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, കെട്ടിടങ്ങൾ നിർമ്മിക്കുക, അറ്റകുറ്റപ്പണികൾ നടത്തുക, അധ്യാപക/അധ്യാപകേതര ജീവനക്കാർ അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് വിലയിരുത്തുക, സർക്കാർ അനുവദിക്കുന്ന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ

നിയമിക്കുക, ഉച്ചഭക്ഷണ വിതരണ പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുക, പഠനോപകരണങ്ങളും, പഠനസഹായികളും വിതരണം ചെയ്യുക, അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക, സ്കൂളുകളിൽ കായികാദ്ധ്യയന സംസ്കാരം പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, സ്കൂളുകളുടെ പ്രവർത്തനം ഗുണകരമായി മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുക എന്നിവയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നതാണ്.

കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പശ്ചാത്തലമേഖലയിലും സേവനമേഖലയിലും വിദ്യാഭ്യാസമേഖലയ്ക്ക് നീക്കിവയ്ക്കുന്ന തുക തുലോം പരിമിതമാണ്. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും ഇത് തീർത്തും അപര്യാപ്തവുമാണ്. ആവശ്യകത വിലയിരുത്താതെയുള്ള നാമമാത്രമായ വകയിരുത്തൽ വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല.

അരിക്കുളം ഗ്രാമപഞ്ചായത്ത് 2011-12, 2012-13 വർഷങ്ങളിൽ വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകകളെ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

വർഷം	തദ്ദേശസ്വയം ഭരണ സ്ഥാപനം	ജില്ല	വിവിധ മേഖലകൾക്കായുള്ള വകയിരുത്തൽ	വിദ്യാഭ്യാസ മേഖലക്കായുള്ള വകയിരുത്തൽ	
				തുക	ശതമാനം
2011-12	അരിക്കുളം ഗ്രാമപഞ്ചായത്ത്	കോഴിക്കോട്	10251226	410051	4
2012-13			12912249	986496	7.64

വിദ്യാഭ്യാസമേഖല നേരിടുന്ന പ്രശ്നങ്ങളെ വ്യക്തമായി പഠിച്ച് അവ പരിഹരിക്കാൻ പര്യാപ്തമായ തോതിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്നും കൂടുതൽ തുക വകയിരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല

ഓരോ വർഷവും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയ്ക്കായി വിവിധ ഫണ്ടുകളിൽ നിന്നും തുക വകയിരുത്തുന്നുണ്ട്. എന്നാൽ ആവശ്യകത വിലയിരുത്താതെയുള്ള വകയിരുത്തൽ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പര്യാപ്തമാകുന്നില്ല. സർക്കാർ മേഖലയിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനവും ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തലും കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ട മേഖലയാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ ഈ മേഖലയിൽ വകയിരുത്തുന്ന പരിമിതമായ തുകകൾ പോലും പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. 2011-12, 2012-13 കാലയളവിൽ അരിക്കുളം ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ മേഖലയ്ക്ക് വേണ്ടി വകയിരുത്തിയ തുകകളും യഥാർത്ഥത്തിൽ ചെലവ് ചെയ്ത തുകകളും സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വർഷം	തദ്ദേശസ്വയം ഭരണ സ്ഥാപനം	ജില്ല	വിദ്യാഭ്യാസ മേഖലയിൽ വകയിരുത്തിയത്	വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചത്	
				തുക	ശതമാനം
2011-12	അരിക്കുളം ഗ്രാമപഞ്ചായത്ത്	കോഴിക്കോട്	3502713	2516676	71.84
2012-13			1140000	749000	65.70

മുകളിൽ കൊടുത്ത പട്ടികയിൽ നിന്നും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയ്ക്കായി നീക്കിവയ്ക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല എന്ന് വ്യക്തമാണ്. കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ വാർഷിക പദ്ധതി ചെലവിന്റെ 10%-ൽ താഴെ മാത്രമാണ് വിദ്യാഭ്യാസ മേഖലയ്ക്കായി വകയിരുത്തുന്നത്. സർക്കാർ മേഖലയിലെ മിക്ക സ്കൂളുകളും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളൊരുക്കാൻ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസമേഖലയ്ക്കായി നീക്കിവയ്ക്കപ്പെടുന്ന പരിമിതമായ തുകകൾ പോലും പൂർണ്ണമായും ചെലവഴിക്കാത്ത നടപടി നീതീകരിക്കത്തക്കതല്ല.

വിദ്യാഭ്യാസമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുകകൾ വകയിരുത്തുന്നതിനും അവ പൂർണ്ണമായി വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.16)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

65. അരിക്കുളം ഗ്രാമപഞ്ചായത്ത് 2022-23, 2023-24 വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തിയ തുക അപര്യാപ്തമാണെന്ന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലിനെ സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് വിദ്യാഭ്യാസ മേഖലയിൽ വാർഷിക പദ്ധതിയിൽ ചെലവഴിക്കേണ്ട തുക സംബന്ധിച്ച് മാർഗ്ഗനിർദ്ദേശമൊന്നും സർക്കാർ പുറപ്പെടുവിച്ചിട്ടില്ലെന്നും സാധാരണഗതിയിൽ, എസ്.എസ്.എ. പഞ്ചായത്തിലേയ്ക്ക് ആവശ്യകതയ്ക്കനുസരിച്ച് ബഡ്ജറ്റ് തയ്യാറാക്കി അയയ്ക്കുകയാണ് ചെയ്യുന്നതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റിസോഴ്സ് കുറവായതിനാൽ വിഭവ ലഭ്യതയ്ക്കനുസരിച്ചുള്ള തുകയാണ് യഥാർത്ഥത്തിൽ വകയിരുത്തുന്നതെന്നും പ്രസ്തുത വിഷയം വരുമാനം കുറവുള്ള പഞ്ചായത്തുകളിലെല്ലാം നിലനിൽക്കുന്നുണ്ടെന്നും റിസോഴ്സ് കുറവുള്ള പഞ്ചായത്തുകൾക്ക് പര്യാപ്തമായ തുക വകയിരുത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

66. 2022-23-ൽ 6.34-ഉം 2023-24-ൽ 8.58-ഉം ശതമാനം തുക പഞ്ചായത്ത് വകയിരുത്തിയത് കുറവാണെന്ന് പറയാൻ സാധിക്കില്ലെന്നും സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായ തുകയാണ് പഞ്ചായത്ത് ചെലവഴിച്ചതെങ്കിൽ അക്കാര്യം ഓഡിറ്റ് വകുപ്പിന് ചൂണ്ടിക്കാണിക്കാമെന്നും അത്തരത്തിൽ ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാത്ത സാഹചര്യത്തിൽ ഇത്തരം പരാമർശം ഉന്നയിക്കുന്നതിൽ അർത്ഥമെന്താണെന്നും സമിതി ആരാഞ്ഞു. സാധാരണഗതിയിൽ പഞ്ചായത്തിനോട് റിക്വയർമെന്റ് ചോദിക്കുമെങ്കിലും അത്രയും തുക അനുവദിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് സാധിക്കില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ബോധിപ്പിച്ചു. വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തേണ്ട തുക എത്ര ശതമാനമാണെന്ന മാർഗ്ഗനിർദ്ദേശമൊന്നും സർക്കാർ പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

67. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ അരിക്കുളം ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

68. വിദ്യാഭ്യാസ മേഖലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ട തുക എത്ര ശതമാനമാണെന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു.

69. ആയതിനാൽ സർക്കാർ ലഭ്യമാക്കിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ അരിക്കുളം ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്കൂൾ വിദ്യാഭ്യാസമേഖലയും സർവശിക്ഷാ അഭിയാനും

ഒന്ന് മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമായി നൽകുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സർവശിക്ഷാ അഭിയാൻ അഥവാ എസ്.എസ്.എ. 2010 ഓടെ ലക്ഷ്യങ്ങൾ നേടണമെന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും ഇപ്പോഴും തുടർന്നുവരികയാണ്. 2009-ലെ വിദ്യാഭ്യാസ അവകാശനിയമം എസ്.എസ്.എ. മുഖേനയാണ് നടപ്പാക്കുന്നത്. 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

എസ്.എസ്.എ. പരിപാടിയുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 65:35 എന്ന അനുപാതത്തിൽ സംയുക്തമായാണ് വഹിക്കുന്നത്. കേരളത്തിൽ, സ്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതിനാൽ പദ്ധതിയുടെ സംസ്ഥാനവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ നിന്നുമാണ് വകയിരുത്തുന്നത്.

പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ ഗുണകരമായ മാറ്റങ്ങൾക്ക് എസ്.എസ്.എ. കാരണമായിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ എസ്.എസ്.എ. വലിയ പങ്കാണ് വഹിക്കുന്നത്. എസ്.എസ്.എ. വിദ്യാലയങ്ങളിൽ നടത്തി വരുന്ന പ്രവർത്തനങ്ങളെ മേജർ പദ്ധതികൾ, മൈനർ പദ്ധതികൾ എന്നിങ്ങനെ തിരിച്ചിട്ടുണ്ട്.

എസ്. എസ്.എ. മേജർ പദ്ധതികൾ

സ്കൂൾ കെട്ടിടങ്ങൾ, അഡീഷണൽ ക്ലാസ് മുറികൾ, അഡാപ്റ്റഡ് ടോയ്‌ലെറ്റ്, ഗേൾസ് ടോയ്‌ലെറ്റ്, റാമ്പ് & റെയിൽ, സ്കൂൾ സൗന്ദര്യവത്ക്കരണം, യൂണിഫോം വിതരണം, പാഠപുസ്തക വിതരണം.

എസ്. എസ്. എ. മൈനർ പദ്ധതികൾ

ഇലക്ട്രിഫിക്കേഷൻ, ഇടഭിത്തിനിർമ്മാണം, ഫർണിച്ചർ, ഗ്രാന്റ്, ഇംഗ്ലീഷ് ഫെസ്റ്റ്, മെട്രിക് മേള, സർഗ്ഗോത്സവം, മൈനർ ലാംഗ്വേജ് ഫെസ്റ്റ്, സി.ആർ.സി. ഗ്രാന്റ്, ടീച്ചേഴ്സ് ഗ്രാന്റ്, സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ടീച്ചേഴ്സ് ട്രെയിനിംഗ്, ഐ.എഫ്.ഡി. ഉപകരണ വിതരണം, ഐ.ഇ.ഡി.സി, മെഡിക്കൽ ക്യാമ്പ്.

എസ്.എസ്.എ.യുടെ പ്രധാന പ്രവർത്തനമേഖല സർക്കാർ പ്രൈമറി വിദ്യാലയങ്ങളാണ്. എന്നാൽ സൗജന്യ പാഠപുസ്തകം, സ്കൂൾ ഗ്രാന്റ്, ടീച്ചർ ഗ്രാന്റ് എന്നിവ എയ്ഡഡ് സ്കൂളുകൾക്കും എസ്.എസ്.എ. നൽകുന്നുണ്ട്. പൊതുവിദ്യാലയങ്ങളിലെ 2 മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും എസ്.എസ്.എ.യുടെ ഭാഗമായി പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നു. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് സൗജന്യപാഠപുസ്തകങ്ങൾ നൽകുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്. സർക്കാർ എൽ.പി/യു.പി.സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്ക് ഇരുവിഭാഗങ്ങൾക്കും പ്രത്യേകമായി 7500/- രൂപ വീതം എസ്.എസ്.എ. മെയിന്റനൻസ് ഗ്രാന്റ് നൽകി വരുന്നു.

സ്കൂളും പരിസരവും ആകർഷകമാക്കുന്നതിനും, മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നതിനുമായി എൽ.പി. വിഭാഗത്തിന് 5000/- രൂപയും, യു.പി.വിഭാഗത്തിന് 7000/- രൂപയും ഇരുവിഭാഗങ്ങളും ഒരുമിച്ചുള്ള സ്കൂളുകൾക്ക് 12000/- രൂപയും എസ്.എസ്.എ. വർഷം തോറും സ്കൂൾ ഗ്രാന്റായി നൽകുന്നു.

എസ്.എസ്.എ.ക്ക് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കീഴിൽ സംസ്ഥാനതല ഓഫീസും, എല്ലാ ജില്ലകളിലും ജില്ലാ പ്രോജക്ട് ഓഫീസുകളും പ്രവർത്തിക്കുന്നു. ജില്ലാ ഓഫീസുകൾക്ക് കീഴിൽ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പ്രവർത്തന

മേഖലയിലും ബ്ലോക്ക് റിസോഴ്സ് സെന്ററുകളും (ബി.ആർ.സി.) പ്രവർത്തിക്കുന്നു. ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കാണ് ബി.ആർ.സി.യുടെ ചുമതല. സ്കൂളുകൾക്ക് ഗ്രാന്റുകൾ വിതരണം ചെയ്യുന്നത് ബി. ആർ.സി.കൾ മുഖേനയാണ്.

എസ്.എസ്.എ. മുഖേനയുള്ളതിന് പുറമേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തനങ്ങൾ നടത്തിയിട്ടും പൊതുവിദ്യാലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുവാനും, ഭൗതികസാഹചര്യങ്ങൾ വേണ്ട രീതിയിൽ മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടില്ല എന്നത് പോരായ്മ തന്നെയാണ്. എസ്.എസ്.എ.യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന നൂതനാശയ പദ്ധതികൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പ്രയോജനപ്രദമാണെങ്കിലും, പൊതുവിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിൽ കാര്യമായ സ്വാധീനം ചെലുത്താൻ എസ്.എസ്.എ.യുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയിലധികവും എസ്. എസ്. എ. വിഹിതം

എസ്.എസ്.എ. വിഹിതമായി സർക്കാർ നിശ്ചയിക്കുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിൽ നിന്നും നിർബന്ധമായും വകയിരുത്തണമെന്ന് 18-8-2012-ലെ സ.ഉ.(എം.എസ്) 225/12/തസ്വഭവ ഉത്തരവ് പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം എസ്.എസ്.എ. അക്കൗണ്ടിൽ നിക്ഷേപിച്ചാൽ മാത്രമേ ആനുപാതികമായ കേന്ദ്രവിഹിതം ലഭിക്കുകയുള്ളൂവെന്നും, യഥാസമയം വിഹിതം നൽകിയില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നഷ്ടപ്പെടുമെന്നും 16-6-2006-ലെ 20314/ഡി.പി.1/2006/തസ്വഭവ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതുകൊണ്ട് തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എസ്.എസ്.എ. വിഹിതം നിർബന്ധമായും അടയ്ക്കേണ്ടതുണ്ട്.

വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന പദ്ധതിവിഹിതത്തിന്റെ ഏറിയപങ്കും എസ്.എസ്.എ.ക്കുള്ള വിഹിതമാണ്. വിദ്യാഭ്യാസമേഖലയിലെ പദ്ധതിവിഹിതത്തിന്റെ വലിയൊരുഭാഗം എസ്.എസ്.എ.ക്ക് നൽകാനായി നീക്കിവയ്ക്കുന്നതിനാൽ, ഈ മേഖലയിൽ സമഗ്രമായ മറ്റ് പദ്ധതികൾ ആവിഷ്ക്കരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഇതുകൊണ്ട് തന്നെ, സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ ഉയർത്താനുള്ള തനതുപദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയാത്ത അവസ്ഥയാണുള്ളത്.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും, എസ്.എസ്.എ.ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം

ജില്ല	തദ്ദേശസ്വയം ഭരണ സ്ഥാപനം	വർഷം	വിദ്യാഭ്യാസമേഖലയിൽ ആകെ ചെലവഴിച്ച തുക (രൂപ)	എസ്.എസ്.എ. യ്ക്ക് നൽകിയ തുക (രൂപ)
കോഴിക്കോട്	കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ	2011-12	26634824	21685470
		2012-13	22441747	12914402

എസ്.എസ്.എ. ബജറ്റും, ചെലവും തുകയും തമ്മിലുള്ള താരതമ്യം

ജില്ല	തദ്ദേശ സ്വയംഭരണ സ്ഥാപനം	വർഷം	എസ്. എസ്. എ. ബജറ്റ് തുക (രൂപ)	എസ്. എസ്.എ. യ്ക്ക് തദ്ദേശ സ്ഥാപനം നൽകിയ വിഹിതം	ചെലവഴിച്ച തുക (രൂപ)	ചെലവ് ശതമാനം (%)
കോഴിക്കോട്	ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്	2012-13	3205377	1121882	2682151	83.68

തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും എസ്.എസ്.എ.യിലേക്ക് അടയ്ക്കുന്ന വിഹിതം പോലും ചെലവഴിക്കുവാൻ എസ്.എസ്.എ.യ്ക്ക് കഴിയാതെ വരുന്നുണ്ട് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

എസ്.എസ്.എ. പദ്ധതിയിലേക്കുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം 35 ശതമാനമാണ്. 65 ശതമാനം കേന്ദ്രവിഹിതം കൂടി ഉണ്ടെന്നിരിക്കെ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ തുകയ്ക്കൊപ്പമുള്ള പ്രവൃത്തികൾ പോലും നിർവഹിക്കാൻ എസ്.എസ്.എ.യ്ക്ക് കഴിയാതെ വരുന്നത് പദ്ധതിയുടെ പാളിച്ചയിലേക്കാണ് വിരൽചൂണ്ടുന്നത്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമായി എസ്.എസ്.എ. തയ്യാറാക്കുന്ന ബജറ്റുകൾ യാഥാർത്ഥ്യബോധം ഇല്ലാത്തവയാണെന്നും, നിശ്ചിത തുകകൾ വിഹിതമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുക മാത്രമാണ് ഇത്തരം ബജറ്റുകളുടെ ഉദ്ദേശ്യമെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ എസ്.എസ്.എ. കരട് പദ്ധതികൾ ചർച്ച ചെയ്യുകയോ, അനിവാര്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യുന്നില്ല. ഇതുകൊണ്ട് തന്നെ, തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട്, തനത് ഫണ്ട് എന്നിവ വകയിരുത്തി നേരിട്ട് നടപ്പാക്കുന്ന പ്രോജക്ടുകളും എസ്.എസ്.എ. മുഖേന നടപ്പാക്കുന്നവയും തമ്മിൽ ഇരട്ടിപ്പിന് കാരണമാകുന്നു.

എസ്.എസ്.എ. ഫണ്ട് അനുവദിക്കുമ്പോൾ സ്കൂളിന്റെ വലിപ്പം, വിദ്യാർഥികളുടെ എണ്ണം എന്നിവ പരിഗണിക്കാത്ത സന്ദർഭങ്ങളുമുണ്ട്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമല്ലാതെ അനുവദിക്കുന്ന ഫണ്ട് പലപ്പോഴും പര്യാപ്തമല്ലാതെ വരുന്നു. അർഹതയുള്ള സ്കൂളുകളെ അവഗണിച്ച്, അർഹതയില്ലാത്തവയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്കായി ഫണ്ട് അനുവദിച്ചതിന് പല ഉദാഹരണങ്ങളുണ്ട്.

ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, ഫർണിച്ചറുകൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്കായി 2007-08 മുതൽ 2012-13 വരെയുള്ള വർഷങ്ങളിൽ തുകകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എസ്.എസ്.എ. മുഖേനയും ഇത്തരത്തിൽ പഠനോപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതികളുടെ ഇരട്ടിപ്പ് ഒഴിവാക്കാൻ എസ്.എസ്.എ. പദ്ധതി രൂപീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം കൂടിയേതീരൂ.

ഉദാ:- കോഴിക്കോട് ജില്ലയിലുള്ള ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി.സ്കൂൾ തിരുവങ്ങൂർ വെസ്റ്റിൽ ആകെ 31 കുട്ടികളാണുള്ളത്. ഇതിൽ ഒരാൾ ഐ.ഇ.ഡി.സി. വിഭാഗത്തിലുള്ളതാണ്. ഈ കുട്ടിയുടെ ആവശ്യാർത്ഥം നിലവിൽ ഒരു റാമ്പ് ആന്റ് റെയിൽ സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മറ്റൊരു റാമ്പ് ആന്റ് റെയിൽ കൂടി സ്ഥാപിക്കുവാനായി 5,000/- രൂപ എസ്.എസ്.എ. സ്കൂളിന് അനുവദിച്ചിരിക്കുന്നു.

സർക്കാർ സ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ എസ്.എസ്.എ. പ്രവർത്തനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസമേഖലയുടെ വികസനത്തിനായി എസ്.എസ്.എ.ക്ക് എല്ലാ വർഷവും നിശ്ചിത വിഹിതം അടയ്ക്കണമെന്നത് നിർബന്ധമാണ്. സർക്കാർ, എയ്ഡഡ് മേഖലകളിലെ സ്കൂളുകളിലാണ് എസ്.എസ്.എ. ഈ തുക വിനിയോഗിക്കുന്നത്. എന്നാൽ സർക്കാർ മേഖലയിൽ പൊതുവിദ്യാലയങ്ങൾ ഒന്നുമില്ലാത്ത രണ്ട് ഗ്രാമപഞ്ചായത്തുകളിലെ എസ്.എസ്.എ. യുടെ പ്രവർത്തനങ്ങൾ ഓഡിറ്റ് പഠനവിധേയമാക്കുകയുണ്ടായി.

അരിക്കുളം ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)

അരിക്കുളം ഗ്രാമപഞ്ചായത്തിൽ സർക്കാർ വിദ്യാലയങ്ങൾ ഒന്നും തന്നെയില്ല. 11 എയ്ഡഡ് സ്കൂളുകൾ ഉള്ളതിൽ എല്ലാം തന്നെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ വീർപ്പുമുട്ടുന്നവയാണ്. ചുറ്റുമതിൽ ഉള്ള സ്കൂളുകൾ ഇവയിൽ 2 എണ്ണം മാത്രമാണ്. എല്ലാ സ്കൂളുകളിലും ആവശ്യത്തിന് ടോയ്‌ലെറ്റുകളും, കുടിവെള്ള സംവിധാനവുമില്ല. വിദ്യാർഥികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടറുകളുമില്ല. 2011-12-ൽ 4,00,033/- രൂപ 2012-13-ൽ 9,87,000/- രൂപ എന്നിങ്ങനെ 13,87,033/- രൂപയാണ് കഴിഞ്ഞ രണ്ട് വർഷങ്ങൾക്കുള്ളിൽ ഗ്രാമപഞ്ചായത്ത് എസ്.എസ്.എ.യിലേക്ക് അടച്ചിട്ടുള്ളത്. എന്നാൽ, അധ്യാപകപരിശീലനം, പാഠപുസ്തകവിതരണം തുടങ്ങിയ ലഘുവായ പദ്ധതികൾ മാത്രമാണ് എസ്. എസ്. എ. ഇവിടെ നടത്തിയിട്ടുള്ളത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.18)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

69. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂൾ വിദ്യാഭ്യാസമേഖലയും സർവശിക്ഷാ അഭിയാനും എന്ന ഓഡിറ്റ് ഖണ്ഡികയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

70. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

71. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ എസ്.എസ്.എ. പ്രവർത്തനങ്ങൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ അരിക്കുളം ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

72. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സ്കൂൾ വിദ്യാഭ്യാസമേഖലയും സർവശിക്ഷാ അഭിയാനും എന്ന ഓഡിറ്റ് ഖണ്ഡികയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

73. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

74. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ എസ്.എസ്.എ. പ്രവർത്തനങ്ങൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ അരിക്കുളം ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വിദ്യാഭ്യാസമേഖലയിലെ നൂതനാശയ പ്രവർത്തനങ്ങൾ

കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ മുഖമുദ്രയായി നൂതനാശയ പ്രവർത്തനങ്ങൾ മാറിക്കഴിഞ്ഞിട്ടുണ്ട്. കുട്ടികളെ പാഠപുസ്തകങ്ങളിലും, ക്ലാസ് മുറികളിലും മാത്രമായി ഒതുക്കി നിർത്താതെ സാമൂഹിക ജീവിതത്തിന്റെ വിവിധവശങ്ങൾ നേരിട്ടു മനസ്സിലാക്കിക്കൊടുക്കുക എന്നതാണ് ഇത്തരം പാഠ്യേതര പ്രവർത്തനങ്ങളുടെ ലക്ഷ്യം. നൂതനാശയ പദ്ധതികളിൽ ഏറെയും പഠന മികവിനും, സർഗാത്മകമായ കഴിവുകളുടെ വികസനത്തിനും ഭൗതികസാഹചര്യങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഉദ്ദേശിച്ചാണ്. പഞ്ചായത്ത് ഭരണസമിതികൾ, പി.ടി.എ.കൾ എന്നിവയുടെ ഭാവനാപൂർണ്ണമായ പിന്തുണയും, ആസൂത്രണവുമാണ് നൂതനാശയ പദ്ധതികൾ വിജയകരമായി നടത്താൻ സഹായമാകുന്നത്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലെ വിദ്യാലയങ്ങളിൽ ശ്രദ്ധേയമായ നൂതനാശയ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ശ്രദ്ധേയമായ നൂതനാശയ പ്രവർത്തനങ്ങൾ

നമുക്കും കൃഷി ചെയ്യാം

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിലുള്ള അറത്തിൽപ്പറമ്പ് എ.എം.എൽ.പി. സ്കൂളിൽ 2012-13- ൽ 'നമുക്കും കൃഷി ചെയ്യാം' എന്ന പേരിൽ കാർഷിക പ്രവർത്തനം ഏറ്റെടുത്തു നടത്തി. നഷ്ടമായിക്കൊണ്ടിരിക്കുന്ന കാർഷിക അറിവുകൾ പ്രവർത്തനാനുഭവങ്ങളിലൂടെ കുട്ടികളിലേക്ക് പകരുക എന്നതായിരുന്നു പ്രധാന ലക്ഷ്യം.

സ്കൂളിന് മുൻവശത്തെ വയൽ പാട്ടത്തിനെടുത്താണ് സമഗ്ര പച്ചക്കറികൃഷി ആരംഭിച്ചത്. വെണ്ട, പയർ, ചീര, മധുരക്കിഴങ്ങ്, കപ്പ, കോവൽ, പടവലം, മത്തൻ എന്നിവയാണ് പ്രധാനമായും കൃഷി ചെയ്തത്. സാമാന്യം നല്ല വിളവാണ് ലഭിച്ചത്. പച്ചക്കറികൾ രണ്ടുമാസത്തോളം സ്കൂളിലെ ഉച്ചഭക്ഷണ പരിപാടിക്കായി ഉപയോഗിച്ചു.

കുരുത്തോല

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലുള്ള പ്രൈമറി സ്കൂൾ വിദ്യാർഥികളുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുവാനായി കഴിഞ്ഞ പത്തുവർഷമായി മുടങ്ങാതെ പ്രസിദ്ധീകരിച്ചുവരുന്ന സൃഷ്ടിയാണ് കുരുത്തോല. ഗ്രാമപഞ്ചായത്തിലെ പ്രൈമറി സ്കൂളുകളിലെ എല്ലാ വിദ്യാർഥികളുടെയും രചനകൾ ശേഖരിച്ച് അതിൽ നിന്നും നിലവാരമുള്ളവ തെരഞ്ഞെടുത്ത് പഞ്ചായത്ത് തലത്തിൽ ശിൽപശാല നടത്തുന്നു. ശിൽപശാലയിൽ വച്ച് സാഹിത്യകാരന്മാരും, അധ്യാപകരും രചനകളിലെ പോരായ്മകൾ പരിഹരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. കുട്ടികൾ മാത്രമടങ്ങിയ പത്രാധിപസമിതിയുടെ എഡിറ്റിംഗിനുശേഷം കുരുത്തോല പ്രസിദ്ധീകരണത്തിന് തയ്യാറാവുന്നു. കുരുത്തോലയുടെ ആയിരത്തോളം കോപ്പികൾ അച്ചടിച്ച് പഞ്ചായത്തിലെ സ്കൂളുകളിൽ വിതരണം ചെയ്യുന്നു.

പരാജയപ്പെട്ട നൂതനാശയ പ്രവർത്തനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുമുള്ള വ്യക്തമായ ആസൂത്രണവും, കൃത്യമായ മേൽനോട്ടവും ഇല്ലാത്തതാണ് വിദ്യാഭ്യാസമേഖലയിലെ നൂതനാശയ പ്രവർത്തനങ്ങൾ പരാജയപ്പെടാൻ കാരണം. ലക്ഷ്യം കൈവരിക്കാത്ത ഇത്തരം പദ്ധതികൾ ലക്ഷക്കണക്കിന് രൂപയുടെ പാഴ്ചെലവിനും ഇടയാക്കുന്നു.

വിദ്യാവികസനം മാർഗ്ഗദീപം

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്ത് 2011-12-ൽ വിദ്യാഭ്യാസമേഖലയ്ക്കായി ആവിഷ്കരിച്ച പദ്ധതിയാണ് വിദ്യാവികസനം (മാർഗ്ഗദീപം); 5,00,000/- രൂപ തനതുഫണ്ടിൽ നിന്നും വകയിരുത്തിയാണ് പദ്ധതിയുടെ രൂപരേഖ

തയ്യാറാക്കിയത്. ചരിത്ര സർവെ, രക്ഷിതാക്കൾക്ക് ബോധവൽക്കരണം, എസ്.എസ്.എൽ.സി. പഠനനിലവാരം ഉയർത്തുവാനുള്ള ക്ലാസ്സുകൾ തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി 1,29,200/- രൂപ ചെലവഴിക്കപ്പെട്ടെങ്കിലും ലക്ഷ്യം കൈവരിക്കാനായില്ല. പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതിനെത്തുടർന്ന് ഈ തുക പാഴ്ചെലവായി മാറിയിരിക്കുകയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.19)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

75. നമുക്കും കൃഷി ചെയ്യാം എന്ന പദ്ധതി നിർത്തലാക്കാനുള്ള കാരണമെന്തെന്ന് സമിതി ആരാഞ്ഞതിന്, പെരുമണ്ണ അറത്തിൽപ്പറമ്പ് എ.എം.എൽ.പി. സ്കൂളിൽ വിദ്യാർഥികളുടെ മേൽനോട്ടത്തിൽ പച്ചക്കറി കൃഷി കാര്യക്ഷമമായി നടത്തിവരികയാണെന്നും പദ്ധതി നടപ്പുവർഷം നവംബറിൽ ആരംഭിക്കാനിരിക്കുകയാണെന്നും വിളവെടുക്കുന്ന പച്ചക്കറികൾ ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെടുത്തി നല്ല നിലയിൽ നടത്തിവരികയാണെന്നും പെരുമണ്ണ ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് മറുപടി നൽകി.

76. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

77. കുരുത്തോല മാഗസിൻ പ്രസിദ്ധീകരിക്കാത്തതെന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന് കുരുത്തോല പ്രസിദ്ധീകരണത്തിന് പകരം ഭാഷാപോഷണം പോലെ നൂതനവും വ്യത്യസ്തവുമായ മറ്റ് രണ്ട് പ്രോജക്ടുകൾ ചെയ്യുന്നുണ്ടെന്ന് ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഇതു സംബന്ധിച്ച മറുപടി ലഭിച്ചിട്ടില്ലെന്നും ആയത് ലഭ്യമാക്കണമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. വിശദ വിവരങ്ങളടങ്ങിയ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ലഭിച്ചിട്ടില്ലെങ്കിൽ ഒരിക്കൽക്കൂടി സമർപ്പിക്കാമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

78. വിദ്യാവികസനം പദ്ധതിയിൽ തനത് ഫണ്ടിൽനിന്നുമാണ് 5,00,000/- രൂപ വകയിരുത്തിയിരിക്കുന്നതെന്നും എസ്.എസ്.എൽ.സി. പഠന നിലവാരം ഉയർത്തുന്നതിനും വിവിധ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും ബോധവത്ക്കരണം നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നതെന്നും ഇതിൽ 1,29,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നും പദ്ധതി പ്രകാരമുള്ള ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നും താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. പദ്ധതി തുടരുന്നുണ്ടെന്നും എന്നാൽ പേരിൽ മാറ്റമുണ്ടെന്നും ഓരോ പദ്ധതിയ്ക്കും അതനുസരിച്ച് പേര് മാറുമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു.

79. പ്രസ്തുത വിശദീകരണം ഉൾപ്പെടുന്ന മറുപടി ലഭിച്ചിട്ടില്ലെന്നും ആയത് ലഭ്യമാക്കേണ്ടതുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

80. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ നമുക്കും കൃഷി ചെയ്യാം എന്ന ഓഡിറ്റ് ഖണ്ഡികയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

81. കുരുത്തോല പ്രസിദ്ധീകരണത്തിന് പകരം ഭാഷാപോഷണം പോലെ നൂതനവും വ്യത്യസ്തവുമായ മറ്റ് രണ്ട് പ്രോജക്ടുകൾ ചെയ്യുന്നുണ്ടെന്ന് ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയ സാഹചര്യത്തിൽ ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകുന്ന മുറയ്ക്ക് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി നിർദേശിക്കുന്നു.

82. വിദ്യാവികസനം പദ്ധതി തുടരുന്നുണ്ടെന്നും എന്നാൽ പേരിൽ മാറ്റമുണ്ടെന്നും ഓരോ പദ്ധതിയ്ക്കും അതനുസരിച്ച് പേര് മാറുമെന്നും താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയ സാഹചര്യത്തിൽ പ്രസ്തുത വിശദീകരണം ഉൾപ്പെടുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ചെറുകിട വ്യവസായമേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാംവിധം ചെലവഴിക്കുന്നില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെറുകിട വ്യവസായമേഖലയ്ക്കായി പദ്ധതികൾ തയ്യാറാക്കുകയും, തുകകൾ നീക്കി വെക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പാക്കാനും നീക്കിവെച്ച തുകകൾ പൂർണ്ണമായും കാര്യക്ഷമമായും വിനിയോഗിക്കാനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഇതിനാൽ വ്യവസായ/സ്വയംതൊഴിൽ മേഖലകളിൽ ഗുണപരമായ സ്വാധീനം ചെലുത്താൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയാതെ വരുന്നു.

ഒരു വിധത്തിലുമുള്ള മുന്നൊരുക്കമോ, ആസൂത്രണമോ ഇല്ലാതെ വ്യവസായ പദ്ധതികൾ തട്ടിക്കൂട്ടുകയാണ് ബഹുഭൂരിപക്ഷം തദ്ദേശസ്ഥാപനങ്ങളും ചെയ്യുന്നത്. ഇതുകൊണ്ട് തന്നെ പദ്ധതി നടപ്പാക്കുന്ന ഘട്ടത്തിൽ ഒട്ടേറെ തടസ്സങ്ങൾ നേരിടേണ്ടി വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 11-ാം പദ്ധതിക്കാലത്തും, 2012-13 -ലും വ്യവസായ മേഖലയിൽ വകയിരുത്തിയതും, ചെലവഴിച്ചതുമായ തുകകൾ

ജില്ല	തദ്ദേശ സ്വയംഭരണ സ്ഥാപനം	വർഷം	വ്യവസായ മേഖലയിൽ നീക്കിവച്ച തുകകൾ	ചെലവഴിച്ച തുക	ചെലവ് ശതമാനം (%)
കോഴിക്കോട്	കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ	11-ാം പദ്ധതി	119068746	17064913	14.33
		2012-13	26639758	4653563	1.74
	വടകര നഗരസഭ	11-ാം പദ്ധതി	3053955	463523	15.18
		2012-13	3040856	0	0

ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യവസായ മേഖലയ്ക്കായി നീക്കിവെക്കുന്ന തുകകളിൽ 50 ശതമാനം പോലും ചെലവഴിക്കാൻ കഴിയുന്നില്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.3.5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

83. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

84. 2012-13 വർഷം ഗുണഭോക്താക്കളെ കണ്ടെത്താൻ വൈകിയതുകാരണം തുക ചെലവഴിക്കാൻ സാധിച്ചില്ലെന്നും 2013-14-ൽ സ്പിൽ ഓവറായി തുക ചെലവഴിച്ചുവെന്നും വടകര മുനിസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. നിലവിലെ സ്ഥിതി സമിതി ആരാഞ്ഞപ്പോൾ വ്യവസായ രംഗത്ത് സംരംഭകർ താരതമ്യേന കുറവാണെന്നും പ്രത്യേകിച്ച് മുൻ വർഷം

വകയിരുത്തിയ പ്രോജക്റ്റുകൾക്ക് പട്ടികജാതി മേഖലകളിൽ നിന്നുമുള്ള സംരംഭകർ വളരെ കുറവാണെന്നും ഇന്റേൺസിന്റെ പ്രവർത്തനഫലമായി വളരെ നല്ല മാറ്റങ്ങൾ വന്നിട്ടുണ്ടെന്നും ഗുണഭോക്താക്കളുടെ സെലക്ഷൻ കഴിഞ്ഞിട്ടേയുള്ളൂവെന്നും നടപ്പ് വർഷം വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കുമെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. മേൽ വിശദീകരണം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ലെന്നും ധാരാളം ചെറുകിട സംരംഭകർ രംഗത്ത് വരുന്നുണ്ടെന്നും ഇത്തരം സംരംഭങ്ങൾക്ക് ഒരുപാട് സാധ്യതയുള്ള പ്രദേശമാണ് വടകരയെന്നും സമിതി ചൂണ്ടിക്കാട്ടി. ഇന്റേൺസിനെ ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ വന്ന മാറ്റം സംബന്ധിച്ച് സമിതി ആരാഞ്ഞു. മുൻ വർഷം പ്രസ്തുത മേഖലയിൽ 82 ശതമാനം തുക ചെലവഴിച്ചുവെന്നും നടപ്പുവർഷം അനുവദിച്ച തുകയിൽ നടപ്പാക്കുന്ന പദ്ധതിക്കുവേണ്ട ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടേയുള്ളൂവെന്നും അതുകൊണ്ടാണ് 0.05 ശതമാനം വന്നതെന്നും പിന്നീട് തുക ചെലവഴിക്കുമെന്നും 2022-23-ൽ 14.35 ശതമാനവും 2023-24-ൽ 0.5 ശതമാനവും മാത്രമാണ് ചെലവഴിച്ചതെന്നും ബാക്കി തുക ഉടനെ ചെലവഴിക്കുമെന്നും 2022-23-ൽ വകയിരുത്തിയ തുകയുടെ 14.35 ശതമാനം തുക ചെലവഴിച്ചുവെന്ന് പറയുന്നത് ശരിയല്ലെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിക്ക് മറുപടി നൽകി.

85. തെറ്റായ പരാമർശം വന്നാൽ അക്കാര്യത്തിലുള്ള വിശദീകരണം നൽകണമെന്ന സമിതിയുടെ നിർദ്ദേശത്തിന്, നഗരസഭയുടെ ജനറൽ സ്റ്റേറ്റ്മെന്റ് പ്രകാരമാണ് തുക പാസ്സാക്കിയതെന്നും അതിൽ വകയിരുത്തിയ തുകയും ചെലവും തന്നിട്ടുണ്ടെന്നും അതനുസരിച്ച് കണക്കാക്കിയപ്പോൾ മുൻ വർഷത്തെ പ്രോജക്ടിനുള്ള തുകയിൽ സ്പിൽ ഓവറായിട്ടാണ് എക്സ്പെന്റിച്ചർ ഉൾപ്പെട്ടിട്ടുള്ളതെന്നും ആയത് എക്സ്പെന്റിച്ചറാകാൻ പോകുന്നതേയുള്ളൂവെന്നും വടകര മുനിസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

86. വടകര നഗരസഭയെക്കുറിച്ച് പരാമർശിക്കപ്പെട്ടിട്ടുള്ളത് 2012-13 കാലയളവിലെ മാത്രം പ്രശ്നമല്ലെന്നും അന്നത്തെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഓഡിറ്റ് വ്യക്തമാക്കുന്നത് നിലവിലും വ്യവസായ മേഖലയിൽ നീക്കിവയ്ക്കുന്ന തുകയിൽ 10 ശതമാനം പോലും ചെലവഴിക്കാൻ സാധിക്കുന്നില്ലെന്നാണെന്നും വകുപ്പ് നൽകുന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം തെറ്റാണെന്നാണ് വ്യക്തമാകുന്നതെന്നും അടിസ്ഥാനപരമായ കാരണമെന്താണെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

87. ഓഡിറ്റ് പരാമർശത്തിനുപുറമേ, സർക്കാരിന്റെ നയത്തിലുൾപ്പെട്ട പ്രധാനപ്പെട്ട ഒന്നാണ് ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കൽ എന്ന് ചൂണ്ടിക്കാട്ടിയ സമിതി, വടകര പോലുള്ള പ്രദേശത്ത് ഇതുസംബന്ധിച്ച് യാതൊരു പ്രവർത്തനവും നടക്കുന്നില്ലെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവിടെ സർക്കാരിന്റെ നയം നടപ്പിലാക്കുന്നി ല്ലെന്നാണെന്ന് വ്യക്തമാക്കുകയും അതുസംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

നിഗമനങ്ങളും ശിപാർശകളും

88. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

89. വടകര നഗരസഭയെക്കുറിച്ച് പരാമർശിക്കപ്പെട്ടിട്ടുള്ളത് 2012-13 കാലയളവിലെ മാത്രം പ്രശ്നമല്ലെന്നും നിലവിലും വ്യവസായ മേഖലയിൽ നീക്കിവയ്ക്കുന്ന തുകയിൽ 10 ശതമാനം പോലും ചെലവഴിക്കാൻ സാധിക്കുന്നില്ലെന്നാണ് ഓഡിറ്റ് വ്യക്തമാക്കുന്നതെന്നും വകുപ്പ് നൽകുന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം തെറ്റാണെന്നാണ് വ്യക്തമാകുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രശ്നത്തിന്റെ അടിസ്ഥാനപരമായ കാരണമെന്താണെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണമെന്ന് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദേശിക്കുന്നു.

90. ഓഡിറ്റ് പരാമർശത്തിനുപുറമേ സർക്കാരിന്റെ നയത്തിലുൾപ്പെട്ട പ്രധാനപ്പെട്ട ഒന്നാണ് ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കൽ എന്ന് സമിതി വിലയിരുത്തുന്നു. വടകര പോലുള്ള പ്രദേശത്ത് ഇതുസംബന്ധിച്ച് യാതൊരു പ്രവർത്തനവും നടക്കുന്നില്ലെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവിടെ സർക്കാരിന്റെ നയം നടപ്പിലാക്കുന്നില്ലെന്നാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ചെറുകിട/പരമ്പരാഗത വ്യവസായ മേഖലകളിൽ സാധ്യതാ പഠനങ്ങൾ നടത്തുന്നില്ല

ചെറുകിട/പരമ്പരാഗത വ്യവസായങ്ങൾ, തൊഴിൽ സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിന് മുന്നോടിയായി സാധ്യതാ പഠനം നടത്തേണ്ടത് പരമപ്രധാനമാണ്. തദ്ദേശീയമായും, പരമ്പരാഗതമായും നിലവിൽ ഉണ്ടായിരുന്ന കുടിൽ വ്യവസായങ്ങൾ, നിർമ്മാണ വിദ്യകൾ, ഇവയ്ക്കായി ഉപയോഗിച്ചിരുന്ന പ്രകൃതി വിഭവങ്ങൾ എന്നിവയുടെ ലഭ്യതയെപ്പറ്റി വിശദമായ പഠനം നടത്തി അടിസ്ഥാന വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. കൂടാതെ, ഉല്പന്നങ്ങളുടെ ഉപഭോഗം, വിപണി, കയറ്റുമതി സാധ്യതകളുടെ വിലയിരുത്തൽ എന്നിവ നടത്താനും നൂതനസാങ്കേതിക വിദ്യകളുടെ സാധ്യതകൾ വ്യവസായ മേഖലയിൽ പ്രയോജനപ്പെടുത്താനും സാധ്യതാപഠനങ്ങൾ ആവശ്യമാണ്.

വ്യവസായ/തൊഴിൽ സംരംഭങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കൽ, ഉല്പന്നങ്ങളുടെ ഗുണനിലവാരവും വിപണി സാധ്യതകളും ഉറപ്പാക്കൽ എന്നിവ സാധ്യമാക്കാൻ ആസൂത്രണഘട്ടത്തിൽ തന്നെ പഠനങ്ങൾ നടത്തേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ വ്യവസായമേഖലയിൽ സംരംഭങ്ങൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും അവ ലക്ഷ്യം നേടുന്നതിൽ പൂർണ്ണമായോ, ഭാഗികമായോ പരാജയപ്പെടാനുള്ള പ്രധാനകാരണങ്ങളിലൊന്ന് പഠനങ്ങളുടെ അഭാവമാണ്. വ്യവസായ/തൊഴിൽ സംരംഭങ്ങളെപ്പറ്റി സാധ്യതാപഠനങ്ങൾ നടത്തിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ വിരളമാണ്. വ്യവസായമേഖലയുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാനവിവരശേഖരണം പോലും ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്നില്ല.

സംരംഭകരെ കണ്ടെത്താതെയും സാധ്യതാപഠനം നടത്താതെയും പരാജയമടഞ്ഞ വ്യവസായ സംരംഭങ്ങൾ

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ - തൊഴിൽരഹിതരും നിർദ്ധനരുമായ വനിതകൾക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകി സ്വയംതൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കണ്ണഞ്ചേരിയിൽ വനിതാവ്യവസായ പരിശീലന കേന്ദ്രം നിർമ്മിക്കുവാനായി 10 ലക്ഷം രൂപ വകയിരുത്തി 2009-10-ൽ പദ്ധതിക്ക് രൂപം നൽകി. 12,20,721/- രൂപ ചെലവഴിച്ച് 7-6-2010-ന് കേന്ദ്രത്തിന്റെ നിർമ്മാണപ്രവൃത്തി പൂർത്തിയായി. എന്നാൽ യോഗ്യരായ സംരംഭകരെ ഏതു രീതിയിൽ കണ്ടെത്തും, ഏതൊക്കെ മേഖലകളിൽ പരിശീലനം നൽകും എന്നിവയെപ്പറ്റി വ്യക്തമായ ആസൂത്രണമില്ലാതെ ഒരു പരിശീലനകേന്ദ്രം നിർമ്മിക്കാൻ മാത്രമാണ് പദ്ധതിയിലൂടെ സാധിച്ചിട്ടുള്ളത്. നിലവിൽ കെട്ടിടം കാടുപിടിച്ചു കിടക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.3.5.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

91. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കണ്ണഞ്ചേരിയിൽ വനിത വ്യവസായ പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനുവേണ്ടി തുക വകയിരുത്തുകയും 2009-10-ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ആദ്യ ഒരു വർഷം ടെയ്‌ലറിംഗ് പരിശീലനത്തിനായി കെട്ടിടം ഉപയോഗിച്ചിരുന്നെങ്കിലും പിന്നീട് കൗൺസിൽ തീരുമാനപ്രകാരം അവിടെ പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവർത്തനം ആരംഭിച്ച് 2023 വരെ പ്രവർത്തിച്ചിരുന്നുവെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി വ്യക്തമാക്കി. എന്നാൽ നിലവിൽ കെട്ടിടം നഗരസഭയ്ക്ക് കൈമാറുകയും കോഴിക്കോട് കോർപ്പറേഷൻ

നടപ്പിലാക്കുന്ന വീ ലിഫ്റ്റ് തൊഴിൽദാന പദ്ധതിയുടെ ഭാഗമായി കെട്ടിടം വനിത തൊഴിൽ സംരംഭകർക്ക് വാടകയ്ക്ക് നൽകുന്നതിനുവേണ്ടിയുള്ള നടപടി നടന്നുവരുന്നുണ്ടെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു.

92. വകുപ്പിന്റെ വിശദീകരണം അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

93. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ വരുന്ന കണ്ണഞ്ചേരി വനിത വ്യവസായ പരിശീലന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ചെറുകിട വ്യവസായമേഖല നേരിടുന്ന പ്രധാന പ്രശ്നം. വ്യവസായ സംരംഭങ്ങൾക്ക് കെട്ടിടം, വൈദ്യുതി, വെള്ളം തുടങ്ങിയവയും ഗതാഗത സൗകര്യവും ലഭ്യമാക്കുക എന്നതാണ് മിനി വ്യവസായ എസ്റ്റേറ്റുകൾ വഴി ലക്ഷ്യമിടുന്നത്.

1994 -ലെ കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി നിയമപ്രകാരം ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളെ/നഗരസഭകളെ ഏൽപ്പിച്ചിട്ടുള്ള വ്യവസായ തൊഴിൽ മേഖലയിലെ സുപ്രധാന ചുമതലയാണ് ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ച് വ്യവസായ തൊഴിൽ മേഖലയുടെ വികസനം സാധ്യമാക്കുക എന്നത് നിലവിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ/ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ എന്നിവയ്ക്ക് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കാത്ത ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വടകര നഗരസഭ

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് (കോഴിക്കോട് ജില്ല)

പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനായി ഏറ്റെടുത്ത ഭൂമി തുടർപ്രവർത്തനങ്ങളില്ലാതെ ഉപയോഗശൂന്യമായി കിടക്കുന്നു.

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്ത് - മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായി 1998-99-ൽ അഴിയൂർ ദേശത്ത് 1.60 ഏക്കർ ഭൂമി (1 ഏക്കർ ജനറൽ, 60 സെന്റ് വനിത) വാങ്ങുകയും 23 പ്ലോട്ടുകളായി തിരിച്ചുള്ള പ്ലോട്ടുകൾ വ്യവസായ സംരംഭകർക്ക് ഹയർ പർച്ചേസ് വ്യവസ്ഥയിൽ നൽകുകയും ചെയ്തു. എന്നാൽ ഇതിനായി ബ്ലോക്ക് പഞ്ചായത്ത് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. 2001-ൽ വിതരണം ചെയ്ത ഒരു ഏക്കർ ഭൂമി 8-9-2010-ലെ ജി.ഒ.(എം.എസ്.) നമ്പർ 196/2010 വ്യവസായ വകുപ്പ് ഉത്തരവുപ്രകാരം ഇൻഡസ്ട്രിയൽ എസ്റ്റേറ്റായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ 2005-ൽ വനിതകൾക്കായി വിതരണം ചെയ്ത 60 സെന്റ് ഭൂമി ഇപ്പോഴും വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിച്ചിട്ടില്ല.

വ്യവസായ എസ്റ്റേറ്റിന്റെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, കുടിവെള്ളം, ചുറ്റുമതിൽ, വൈദ്യുതി എന്നിവയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വിവിധ വർഷങ്ങളിലായി 17,14,809/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഭൂമി വിലയിൽ ആവശ്യമായ വർദ്ധനവ് വരുത്തി സംരംഭകരിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

സംരംഭകരുമായുണ്ടാക്കിയ കരാറിലെ 16-ാം വ്യവസ്ഥയനുസരിച്ച് ഭൂമി കൈമാറ്റം ചെയ്ത് ഒരു വർഷത്തിനുള്ളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താതിരിക്കുന്ന സംരംഭകരിൽ നിന്നും പ്ലോട്ടുകൾ തിരിച്ചെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രാഥമിക പ്രവർത്തനങ്ങൾ പോലും നടത്തിയിട്ടില്ല. പ്ലോട്ടുകൾ ലഭിക്കാതെ നിരവധി സംരംഭകർ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ ഉപയോഗപ്പെടുത്താനാകാത്തത് ഗൗരവമായി കാണേണ്ടതാണ്.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് - വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി 1998-99 വർഷം 29,78,000/- രൂപ ചെലവഴിച്ച് വാങ്ങിയ 2 ഏക്കർ ഭൂമിയിൽ (റീ സർവെ 9/1) വർഷങ്ങൾ കഴിഞ്ഞിട്ടും തുടർ പ്രവർത്തനങ്ങൾ നടത്തുകയോ എസ്റ്റേറ്റിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത ഭൂമിയിൽ വൈദ്യുതി എത്തിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.യിൽ 4,54,630/- രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ എസ്റ്റേറ്റ് ഭൂമിയിൽ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടില്ലാത്തതിനാൽ കെ.എസ്.ഇ.ബി.ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടില്ല.

വ്യവസായം തുടങ്ങുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കി വ്യവസായ എസ്റ്റേറ്റിനായി വാങ്ങിയ ഭൂമി പ്ലോട്ടുകളായി തിരിച്ച് വ്യവസായ സംരംഭകർക്ക് ഏൽപ്പിച്ചുകൊടുക്കുന്നതിനായിരുന്നു പദ്ധതി ലക്ഷ്യം വച്ചിരുന്നത്. എന്നാൽ നാളിതുവരെ

ഭൂമി സംരംഭകർക്കായി വിതരണം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ല. 15 വർഷത്തോളമായി ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള എസ്റ്റേറ്റ് ഭൂമിയിൽ നിന്നുള്ള ആദായം കുരാച്ചുണ്ട് ഗ്രാമപഞ്ചായത്താണ് കൈപ്പറ്റിക്കൊണ്ടിരിക്കുന്നത്. ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ ഭൂമി തുടർ പ്രവർത്തനങ്ങളില്ലാതെ ഉപയോഗരഹിതമായി കിടക്കുന്നു.

കോഴിക്കോട് ജില്ലയിലെ മുക്കം ഗ്രാമപഞ്ചായത്ത് - വനിതകൾക്കായി വ്യവസായകേന്ദ്രം സ്ഥാപിക്കുന്നതിന് 2008-09 വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 6,48,820/- രൂപ ചെലവഴിച്ച് കോഴിക്കോട് ജില്ലയിലെ മുക്കം ഗ്രാമപഞ്ചായത്ത്, തോട്ടത്തിൽ കടവിൽ ഭൂമി വാങ്ങുകയുണ്ടായി. അഞ്ച് വർഷത്തോളമായിട്ടും പ്രസ്തുത ഭൂമിയിൽ കെട്ടിടം, വൈദ്യുതി എന്നിവ ഏർപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നാളിതുവരെ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. വ്യവസായികമായി പിന്നാക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തിൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് അടിസ്ഥാന സൗകര്യവികസനം അത്യന്താപേക്ഷിതമാണ്.

വടകര നഗരസഭ - 2002-03 വർഷം താഴെ അങ്ങാടിയിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി 2.6 ഏക്കർ ഭൂമി (റി.സ. 155/1) 33,97,349/- രൂപ ചെലവഴിച്ച് നഗരസഭ വാങ്ങിയിട്ടുണ്ട്. ഇതിൽ ഒരേക്കർ ഭൂമി കെ.എസ്.ആർ.ടി.സി.ക്ക് കൈമാറി. സ്ഥലപരിശോധനയിൽ ബാക്കി ഭൂമി ഉപയോഗരഹിതമായി കിടക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. അടിസ്ഥാന സൗകര്യവികസനത്തിനായി നഗരസഭ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ ഭൂമിയിൽ 250 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 3,47,520/- രൂപ നഗരസഭ 2003-04 വർഷം കെ.എസ്.ഇ.ബി.യിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടില്ല.

വടകര നഗരസഭ - കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഡി.എസ്.എം.ടി. (ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് സ്മാൾ ആന്റ് മീഡിയം ടൗൺസ്) സ്കീമിൽ ഉൾപ്പെടുത്തി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി വടകര നഗരസഭയിൽപ്പെട്ട കരിമ്പാലത്ത് 1.8481 ഹെക്ടർ (4.56 ഏക്കർ) ഭൂമി അക്വയർ ചെയ്യുകയും സെന്റിന് 30,000/- രൂപ വില നിശ്ചയിച്ച് സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് പ്ലോട്ടുകളായി തിരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. മുഴുവൻ തുകയും ഒടുക്കിയ സംരംഭകർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാർ അനുമതിയോടെ നൽകുകയും ചെയ്തിട്ടുണ്ട്. ദേശീയ പാതയോടു ചേർന്നു കിടക്കുന്ന വ്യവസായ എസ്റ്റേറ്റ് ഭൂമിയിൽ ആകെ 17 പ്ലോട്ടുകളാണുള്ളത്. സെന്റിന് ലക്ഷങ്ങൾ മാർക്കറ്റ് വിലയുള്ള ഭൂമിയിൽ ഉടമസ്ഥാവകാശം ലഭിച്ചശേഷം കൈവശക്കാർക്കോ അനന്തരാവകാശികൾക്കോ

പാർട്ണർമാർക്കോ അല്ലാതെ ഭൂമി കൈമാറ്റം ചെയ്യുന്നതായി വ്യവസായ വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ക്രമ നം.	പ്ലോട്ടു നമ്പർ/ ഭൂമിയുടെ അളവ്/ കൈവശക്കാരന്റെ പേര്	നിലവിൽ നടത്തുന്ന വ്യവസായം	റിമാർക്സ്
1	നം.4, 10 സെന്റ് ശ്രീ.പി.കെ.ചന്ദ്രൻ	ഓട് കച്ചവടം	സ.ഉ.(എം.എസ്) 286/06/ത.സ്വ.ഭ.വ. തീയതി 15.12.06 ഉത്തരവ് പ്രകാരം ശ്രീ.പി.കെ.ചന്ദ്രന് ഉടമസ്ഥാവകാശം നൽകി. പി.കെ.ചന്ദ്രൻ ഈ പ്ലോട്ട് കൈമാറിയതായി വ്യവസായ വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആർക്കാണ് കൈമാറിയതെന്ന് ഫയലിൽ വ്യക്തമല്ല.
2	നം.15, 10 സെന്റ് ശ്രീ. കെ. എൻ. രാമചന്ദ്രൻ, ടി. പ്രേമൻ	വെൽഡിംഗ് യൂണിറ്റ്	ശ്രീ.സി.കെ.സുരേന്ദ്രൻ എന്നയാൾക്ക് കൈമാറിയതായി വ്യവസായ വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വ്യവസായ ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ എന്ന വ്യവസ്ഥയിൽ 15-12-06- ലെ സ.ഉ.(എം.എസ്) 286/06/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം അവകാശം നൽകിയ 4-ാം നമ്പർ പ്ലോട്ട് ഓട് സ്റ്റോക്ക് ചെയ്യുന്നതിനാണ് ഉപയോഗിക്കുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.3.5.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

94. മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ചതിനുശേഷം റോഡ്, കുടിവെള്ളം, ചുറ്റുമതിൽ, ട്രാൻസ്ഫോർമർ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 17 ലക്ഷം രൂപയുടെ പ്രവൃത്തി പഞ്ചായത്ത് പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ഇതിനനുസൃതമായി ഭൂമി വിലയിലാവശ്യമായ വർദ്ധനവ് വരുത്തി സംരംഭകരിൽ നിന്നും തുക ഈടാക്കാനുള്ള നടപടി സ്വീകരിച്ചില്ലെന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 2014-ൽ 17 ലക്ഷം രൂപ സംരംഭകരിൽ നിന്നും തിരിച്ച് പിടിക്കുന്നതിനായി റിക്കവറി

നോട്ടീസ് അയച്ചിട്ടുണ്ടെന്നും അതിൽ 14 പേർ ഹൈക്കോടതിയിൽ രണ്ട് കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്റ്റേ അനുവദിക്കുകയുണ്ടായെന്നും ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതുകൊണ്ടാണ് മറ്റ് നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തതെന്നും ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് വടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

95. വളരെ ഗൗരവമേറിയ പരാമർശമാണിതെന്ന് ചൂണ്ടിക്കാട്ടിയ സമിതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും വിശദീകരണം സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ടോയെന്ന് ആരാഞ്ഞു. റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് വടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. എന്നാൽ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

96. വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി 1.60 ഏക്കർ ഭൂമി 23 പ്ലോട്ടായി തിരിച്ച് വ്യവസായ സംരംഭകർക്ക് ഹയർ പർച്ചേസ് വ്യവസ്ഥയിൽ നൽകിയെങ്കിലും ഇതിനായി ബൈലോ പോലും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ലെന്നുള്ളതാണ് ആക്ഷേപമെന്ന് സമിതി വ്യക്തമാക്കി. സംരംഭകർ കോടതിയിൽ കേസ് ഫയൽ ചെയ്തതുകൊണ്ടാണ് തുടർ നടപടി സ്വീകരിക്കാത്തതെന്ന് പറയുന്നതിൽ ന്യായമില്ലെന്നും വനിത സംരംഭകർക്കായി വിതരണം ചെയ്ത ഭൂമി നിലവിലും വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിക്കാത്ത സാഹചര്യത്തിൽ സംരംഭകരെ ആകർഷിക്കുക സാധ്യമല്ലെന്നും സംരംഭകർക്ക് പ്ലോട്ട് ഡെവലപ് ചെയ്ത് അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നേടിയെങ്കിലും ഭൂമിവില കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചില്ലെന്നും വ്യവസായ ഭൂമിയിൽ ചെലവഴിച്ച 17 ലക്ഷം രൂപ തിരിച്ച് പിടിക്കണമെന്ന ഓഡിറ്റ് പരാമർശമില്ലെന്നും വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭകർക്ക് ഭൂമി നൽകുമ്പോൾ പണം തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ പാലിച്ചില്ലെന്നുള്ളതാണ് ആക്ഷേപമെന്നും സമിതി വ്യക്തമാക്കി. മറ്റ് കേസ്സുകളൊക്കെ പിന്നീട് വന്നതാണെന്നും വ്യവസായികൾ പണം മുടക്കിയിട്ടുള്ളതിനാൽ അവർ കേസ്സിന് പോകുമെന്നും സംരംഭം തുടങ്ങിയ ഉടൻ തുക തിരിച്ചുപിടിക്കാൻ തുടങ്ങിയാൽ സംരംഭം എങ്ങനെ മുന്നോട്ട് കൊണ്ടുപോകുമെന്നും സമിതി ആരാഞ്ഞു.

97. ഓഡിറ്റ് പരാമർശം വന്നതിനുശേഷം ബൈലോ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ബൈലോ തയ്യാറാക്കുന്നതിന് അനുവാദം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് കൊടുത്തിട്ടുണ്ടെങ്കിലും നാളിതുവരെയും അനുമതി ലഭിച്ചിട്ടില്ലെന്നും വടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

98. പ്രസ്തുത വിഷയത്തിൽ വകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞപ്പോൾ ഇക്കാര്യം പരിശോധിച്ചിട്ട് അറിയിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

99. ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞ വിഷയങ്ങൾ വളരെ ഗൗരവമുള്ളതാണെന്നും ആയത് സംബന്ധിച്ച് റാറ്റിഫൈ ചെയ്യാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും ഇതുസംബന്ധിച്ച വ്യക്തമായ വിശദീകരണം സർക്കാരിലേയ്ക്ക്

നൽകണമെന്നും സംരംഭകർക്ക് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം ചെയ്തു കൊടുക്കുന്നതിലുള്ള വീഴ്ച ഉൾപ്പെടെയുള്ള മറ്റനേകം വിഷയങ്ങളിൽ പരിഹാരം കാണേണ്ടതുണ്ടെന്നും ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിശദീകരണം ലഭിച്ചാൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും അതുവരെ പരാമർശം നിലനിൽക്കുമെന്നും സമിതി വ്യക്തമാക്കി.

100. നിലവിൽ വ്യവസായ എസ്റ്റേറ്റിലേയ്ക്ക് വഴി, വെളിച്ചം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പത്ത് യൂണിറ്റുകൾ മാത്രമാണ് പ്രവർത്തിക്കുന്നതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി വടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

101. സംരംഭകരുമായി കരാറിലേർപ്പെട്ട് ഒരു വർഷത്തിനുള്ളിൽ യൂണിറ്റുകൾ ആരംഭിക്കാത്ത പ്ലോട്ടുകൾ തിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് നടപടി സ്വീകരിച്ചില്ലെന്ന ആക്ഷേപം നിലനിൽക്കുന്നുണ്ടെന്നും ഭൂമി നിലവിലും സംരംഭകരുടെ കൈവശം ഉപയോഗശൂന്യമായ നിലയിലാണെന്നും പ്രസ്തുത ഭൂമി മറ്റ് സംരംഭകർക്ക് നൽകാൻ നടപടി സ്വീകരിക്കണമെന്നും പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

102. 2023-24-ൽ ബഹുവർഷ പ്രോജക്ടായി 99 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും 17-10-2023-ന് ടെണ്ടർ നടപടി അംഗീകരിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

103. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യിൽ തുക നിക്ഷേപിച്ചെങ്കിലും യാതൊരുവിധ പ്രവൃത്തിയും നടത്തിയിട്ടില്ലെന്ന ആക്ഷേപത്തിന് എന്ത് മറുപടിയാണ് നൽകാനുള്ളതെന്ന് സമിതി ആരാഞ്ഞു. എസ്റ്റേറ്റ് ഭൂമിയിൽ നിർമ്മാണം ആരംഭിച്ചാൽ മാത്രമേ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് കെ.എസ്.ഇ.ബി. അറിയിച്ചിരുന്നുവെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദീകരണം ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്നും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണെന്നും ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും പ്രസ്തുത സ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങളൊന്നും പൂർത്തീകരിച്ചിട്ടില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

104. പഞ്ചായത്ത് നൽകിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടില്ലാത്തതിനാൽ പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

105. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മുക്കം മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.